# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറക്കടവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം. പി5-2522/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 21/01/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കടവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-16 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം. പി5-2522/22 തീയ്യതി: 21/01/2023

## കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2022 | 16-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2022 | 16-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) (12.12.2022 മുതൽ 16.12.2022 വരെ)
ശ്രീമതി ലേഖ വി, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. രഞ്ജിത്ത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ. ശ്രീകുമാരൻ നായർ സി ആർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. സുജ മാത്യു | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീ ജോസഫ് അലോഷ്യസ് | സെക്രട്ടറി | 02-07-2021 | 22-07-2021 |
| ശ്രീ ഹരികുമാർ എസ് | സെക്രട്ടറി | 23-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അന്നമ്മ ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ചിത്ര എസ് | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. സിന്ധു പി ജി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി. ലക്ഷ്മി എസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| ശ്രീ. രഘു എം ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ചെറുവള്ളി) | 01-04-2021 | 31-03-2022 |
| ശ്രീമതി. അംബിക വി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ. ലിബീഷ് കെ മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ശ്രീ. ടോണി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| ശ്രീ. സജിത്ത് കെ ഇബ്രാഹിം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പൊൻകുന്നം) | 01-04-2021 | 21-01-2022 |
| ശ്രീ. രഘു എം ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പൊൻകുന്നം) | 22-01-2022 | 31-03-2022 |
| ശ്രീ. സതീഷ് കുമാർ ഐ ബി | കൃഷി ഓഫീസർ | 01-04-2021 | 06-10-2021 |
| ശ്രീമതി. യമുന ജോസ് | കൃഷി ഓഫീസർ | 07-10-2021 | 31-03-2022 |
| ഡോ. അരുൺ റ്റി എസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അനീഷ് സി | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| വർക്കി | (പിഎച്ച്സി) | | |
| ഡോ. സാജൻ ചെറിയാൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ധന്യ റ്റി ഗോപാലൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 24-08-2021 |
| ഡോ.ദീപ ബി നായർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 25-08-2021 | 15-01-2022 |
| ഡോ.പ്രഹ്ലാദ് കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-01-2022 | 31-03-2022 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-11 |
| 12 | ട്രഷറി അക്കൗണ്ടിൽ ഇല്ലാത്ത തുകകൾ ബാലൻസായി വാർഷിക കണക്കിൽ അവശേഷിക്കുന്നു. | 1-12 |
| 13 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത-തുടർനടപടി സ്വീകരിച്ചില്ല | 1-13 |
| 14 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭിക്കുന്നില്ല | 1-14 |
| 15 | ഇ.എം.എസ് ഭവനനിർമ്മാണപദ്ധതി -ക്ളോസ് ചെയ്ത ലോൺ അക്കൗണ്ടിലേയ്ക്ക് തെറ്റായി അടവാക്കിയ തുകയിൽ തിരികെ ലഭിക്കാൻ ശേഷിക്കുന്ന തുക നാളിതുവരെ ലഭിച്ചിട്ടില്ല . | 1-15 |
| 16 | സിവിൽ സ്റ്റേഷൻ കെട്ടിടത്തിന് വസ്തു നികുതി ഒഴിവാക്കി നല്കി -രണ്ടു ലക്ഷത്തിലധികം രൂപ വാർഷിക വസ്തുനികുതിയിനത്തിൽ നഷ്ടം | 1-16 |
| 17 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-17 |
| 18 | ഒരേ മേഖലയിലുള്ള കെട്ടിടങ്ങളെ വിവിധ തരത്തിൽ വസ്തു നികുതി നിർണ്ണയം നടത്തി | 1-18 |
| 19 | NSS കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി ആരാധനാലയത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തി ഒഴിവാക്കി നല്കി | 1-19 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-20 |
| 21 | കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ -ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-21 |
| 22 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് | 1-22 |

| | | |
|---|---|---|
| | സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | |
| 23 | ബസ് സ്റ്റാൻഡ് ഫീസ് പിരിവ് - ലേല നടപടികളിലേക്ക് തിരികെപ്പോകണം | 1-23 |
| 24 | പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ - വരവിന്റെ ആധികാരികത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല | 1-24 |
| 25 | വാടക- അപാകതകൾ | 1-25 |
| 26 | കോവിഡ് കാലത്തെ ലേല കുടിശ്ശിക തുകയിൽ ഇളവ് നൽകുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തണം | 1-26 |
| 27 | പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് - അപാകതകൾ | 1-27 |
| 28 | വിനോദനികുതി പിരിക്കുന്നില്ല | 1-28 |
| 29 | വാഹന വാടക നൽകിയതിൽ ഇരട്ടിപ്പ് - അധികതുക നൽകി | 1-29-1 |
| 30 | വാഹനപരിപാലനം -അപാകതകൾ | 1-29-2 |
| 31 | വാഹനങ്ങൾ വാടകയ്ക്കെടുക്കൽ- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു | 1-30 |
| 32 | താത്ക്കാലിക ഡ്രൈവർക്ക് അധിക വേതനം നൽകി | 1-31 |
| 33 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ (ഡയറക്റ്റ് റ്റു ഹോം സ്കീം ) മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും സഹകരണബാങ്കിന് നൽകുന്നു. | 1-32 |
| 34 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | 1-33 |
| 35 | ഘടകസ്ഥാപനങ്ങളിലെ ദൈനംദിന ചെലവ് തുക നൽകൽ -പ്രോജക്റ്റ് നടത്തിപ്പിൽ അപാകങ്ങൾ | 1-34 |
| 36 | വാട്ടർചാർജ് -സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-35 |
| 37 | ആശ്രയപദ്ധതിയ്ക്കായി കൈമാറിയ പണം ചെലവഴിയ്ക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ നിലനിൽക്കുന്നു | 1-36(എ) |
| 38 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-37 |
| 39 | കന്നുകുട്ടി പരിപാലന പദ്ധതി-തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നില്ല | 1-38 |
| 40 | തുക അടച്ച് ഒരു വർഷം ആയിട്ടും മരുന്ന് ലഭിച്ചില്ല | 1-39 |
| 41 | പാലിയേറ്റീവ് കെയർ - നല്കിയ തുകക്കുള്ള സാധനങ്ങൾ ലഭിച്ചില്ല | 1-40 |
| 42 | അങ്കണവാടികൾക്ക് ഉപകരണം വാങ്ങൽ - ഉപകരണം നല്കിയ സ്ഥാപനത്തിന് തുക ലഭിച്ചില്ല | 1-41 |
| 43 | ഫർണിച്ചർ വാങ്ങൽ സർക്കാർ മാർഗ്ഗനിർഗദ്ദേശങ്ങൾക്കനുസൃതമാകണം | 1-42 |
| 44 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് സൂക്ഷിപ്പ് സംബന്ധിച്ച് | 1-43 |
| 45 | ബാരൽ വില ബന്ധപ്പെട്ട സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കുന്നില്ല | 1-44 |
| 46 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പൊതുഅപാകതകൾ | 1-45 |

| | | |
|---|---|---|
| 47 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു | 1-46 |
| 48 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block പാകുന്നതിനായി അധിക നിരക്ക് നൽകുന്നു . | 1-47 |
| 49 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമുള്ള കാലയളവിനും കൂലി അനുവദിച്ചത് ക്രമപ്രകാരമല്ല | 1-48 |
| 50 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല | 1-49 |
| 51 | മാലിന്യനിർമ്മാർജ്ജനം - ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കുന്നില്ല. | 1-50 |
| 52 | ദുരിതാശ്വാസ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നില്ല | 1-51 |
| 53 | ഓഡിറ്റ് ഇംപാക്ട് | 1-52 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | താത്ക്കാലിക ഡ്രൈവർക്ക് അധിക വേതനം നൽകി | 3-1 |
| 2 | വാഹന വാടക നൽകിയതിൽ ഇരട്ടിപ്പ് - അധികതുക നൽകി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 20/02/2021 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 96765585 | 44345254 |
| വരവ് | 224333000 | 110629612 |
| ആകെ | 321098585 | 154974866 |
| ചെലവ് | 314249000 | 118719924 |
| നീക്കിയിരിപ്പ് | 6849585 | 36254942 |

ബജറ്റ് പ്രകാരം 32.10 കോടി രൂപയുടെ പ്രതീക്ഷിത വരവും 31.42 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 21.27 കോടി രൂപയും ചെലവ് 19.46 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 212737204 രൂപയും ചെലവ് 194651595രൂപയും തൻവർഷ ധനമിച്ചം 18085609 രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 211536506/- രൂപയും ബാധ്യതകളുടെ മൂല്യം 125088481/- രൂപയും ജനറൽ ഫണ്ട് 86448025/- രൂപയുമാണ്. 2021-22 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1) 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3) തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4)ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക പത്രികയുമായുള്ള കൃത്യത ഉറപ്പാക്കാനായിട്ടില്ല.

5) വാടക കുടിശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

6) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

7) 31/03/2022-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുന്ന തുകകളുടെ(Library Cess,SGST,CGST,Flood Cess) വിശദാംശവും രേഖപ്പെടുത്തി Government & Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
8.Capital Work In Progress ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. .
9.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ അടിസ്ഥാന രേഖയായ എ.സി.ആർ. അപൂർണ്ണമാണ്
10.അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക പത്രികയുമായുള്ള കൃത്യത ഉറപ്പാക്കാനായിട്ടില്ല.
11.B4 ഷെഡ്യൂളിൽ ഉൾപ്പെട്ട Grants, Funds & Contributions For Specific Purposes -Other Government Agencies, Contributions For Joint Venture Projects (For Capital Expenditure) - From District Panchayats, Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayat,Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats,Contributions For Other Specific Purposes (For Revenue Expenditure) - From Block Panchayats, എന്നീ ഹെഡുകളിൽ തുകകൾ അവശേഷിക്കുന്നുണ്ടെങ്കിലും ആയത് ഏതു വർഷം ലഭിച്ചെന്നോ ഏതാവശ്യത്തിനായി ലഭിച്ചതാണെന്നോ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല.
12.വാർഷിക കണക്ക് B-5 ഷെഡ്യൂളിലെ Secured Loans-Loan From KURDFC ൽ ഉൾപ്പെട്ട തുകയും B-16 ഷെഡ്യൂളിലെ Prepaid Programme Expenses ൽ ഉൾപ്പെട്ട തുകയും തമ്മിലുള്ള വ്യത്യാസം വിശദീകരിച്ചില്ല .
13.വാർഷിക കണക്ക് B-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ഉൾപ്പെട്ട തുകയ്ക്ക് വിശദീകരണം ലഭ്യമാക്കിയില്ല.
14.നിക്ഷേപ പ്രവൃത്തികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം നിക്ഷേപിച്ച 500000 രൂപ നിക്ഷേപ ശീർഷകത്തിൽ(460500201) അക്കൗണ്ട് ചെയ്തിട്ടില്ല.
15. നിക്ഷേപ പ്രവൃത്തികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം നിക്ഷേപിച്ചതായി സൂചിപ്പിച്ചിട്ടുള്ള 12000 രൂപയ്ക്ക്, ഷെഡ്യൂൾ RP-47, (നിക്ഷേപ ശീർഷകം-460500201)വിശദീകരണം ലഭ്യമാക്കിയില്ല.
16. നിക്ഷേപ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.-യിൽ തൻവർഷം രണ്ട് പ്രോജക്ടുകളിലായി നിക്ഷേപിച്ച 213907 രൂപ നിക്ഷേപ ശീർഷകത്തിൽ(460500202) അക്കൗണ്ട് ചെയ്തിട്ടില്ല.
17. RP 40(a), RP 40(b) എന്നിവയിൽ ട്രഷറി ഓൺഫണ്ട് VPFA1-2 VPFA 1-3 എന്നിവയിൽ യഥാക്രമം 1691572, 1702 രൂപ നീക്കിയിരുപ്പ് ഉണ്ടെങ്കിലും ആയതിന്റെ പാസ്സ്ബുക്ക്, പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ ലഭ്യമായിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44345254 |
| ഓഡിറ്റ് വർഷത്തെ വരവ് | 110629612 |
| ആകെ | 154974866 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 118719924 |
| നീക്കിയിരിപ്പ് | 36254942 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള | 16100 |

| | |
|---|---|
| നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1895441 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 22123149 | 22123149 | 20917000 | 1206149 | 95 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 5093600 | 5093600 | 4592000 | 501600 | 90 |
| വികസന ഫണ്ട്-ടി.എസ്.പി. | | 0 | 14115 | 14115 | 0 | 14115 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Untied Basic Grant | 0 | 5589038 | 5589038 | 1356656 | 4232382 | 24 |
| | Tied Grant | 0 | 8096765 | 8096765 | 2615654 | 5481111 | 32 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | 0 | 8151821 | 8151821 | 5424934 | 2726887 | 67 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 0 | 21625050 | 21625050 | 16675138 | 4949912 | 77 |
| ഐസിഡിഎസ് ഫണ്ട് (AFS പ്രകാരമുള്ളത്) | | 670873 | 828802 | 1499675 | 760346 | 739329 | |
| റ്റി.എസ്.സി | | 393000 | 0 | 393000 | 0 | 393000 | |
| എൻആർഇജിഎ | | 292022 | 21229415 | 21521437 | 21210984 | 310453 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 3366687 | 0 | 3366687 | 1174430 | 2192257 | |

വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 3217770/-രൂപ, 280762/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

- 31/03/2021 ലെ സ.ഉ.(സാധാ) നം. 2617/2022/ധന. ഉത്തരവ് പ്രകാരം വികസന ഫണ്ട് -TSP യിൽ 14115 രൂപ അലോട്ട്മെന്റ് ഉണ്ടായിരുന്നു. എന്നാൽ പ്രസ്തുത തുക പഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. (ഇത് ഉൾപ്പെടെയാണ് മേൽ പട്ടിക തയാറാക്കിയിരിക്കുന്നത്).
- ഐസിഡിഎസ് ഫണ്ടിന്റെ വിവരം ACR ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്, കേന്ദ്ര- സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 24.3.22 ലെ നം.81898/21/DPC/DPO/KTM ഉത്തരവ് പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതിയോഗം | 19.1.21 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 16.2.21 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 4.2.21മുതൽ10.2.21 വരെ |
| വികസനസെമിനാർ | 16.2.21 |
| പ്രൊക്യൂർമെന്റ് കമ്മിറ്റി | 11.10.21 ലെ 7/1-ാം നമ്പർ തീരുമാനപ്രകാരം കമ്മിറ്റി പുനർ രൂപീകരിച്ചിരുന്നു.പലപ്രാവശ്യം കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ തീയതി ,തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2021-22 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 199288959/- രൂപയും ആകെ ചെലവ് 87863119/- രൂപയുമാണ്. വാർഷിക പദ്ധതി അടങ്കലിനായി വകയിരുത്തിയ തുകയുടെ 44% മാത്രമാണ് ചെലവഴിയ്ക്കാനായത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 11 | 2633350 | 991880 | 37.6 |
| വെറ്ററിനറി സർജൻ | 10 | 8 | 6104999 | 5402172 | 88.4 |
| മെഡിക്കൽ | 2 | 2 | 731000 | 642153 | 87.8 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ(പി.എച്ച്.സി) | | | | | |
| മെഡിക്കൽ ഓഫീസർ(ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 7 | 7 | 2140000 | 2139500 | 99.9 |
| സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 369000 | 0 | 0 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 8 | 7 | 26034285 | 14692348 | 56.4 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 11 | 7950558 | 6712480 | 84.4 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 3250000 | 2050000 | 63 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 11 | 9 | 7987080 | 3762211 | 47 |
| സെക്രട്ടറി | 55 | 38 | 25507143 | 9720309 | 38 |
| അസി.എഞ്ചിനീയർ | 139 | 60 | 113881720 | 40349208 | 35.4 |
| അസി.സെക്രട്ടറി | 5 | 5 | 2399824 | 1100858 | 45.8 |
| ആകെ | 266 | 161 | 199288959 | 87863119 | 44 |

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 139 പ്രോജക്ടുകളിൽ 77 എണ്ണം സ്പിൽഓവർ പ്രോജക്ടുകൾ ആയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളിൽ 32 എണ്ണം മാത്രമാണ് തൻവർഷം പൂർത്തിയാക്കിയിട്ടുള്ളത്. ആവശ്യാധിഷ്ഠിതമായി പ്രോജക്ടുകൾ ആവിഷ്കരിക്കാത്തതിനാലാണ് സ്പിൽ ഓവർ പ്രോജക്ടുകളിൽ 45 എണ്ണം തൻവർഷം പൂർത്തിയാക്കാനാവാത്തത്. കാർഷിക മേഖലയിൽ ഫലവൃക്ഷതൈ വിതരണം, പച്ചക്കറിതൈ വിതരണം, തെങ്ങിൻ തൈവിതരണം, കിഴങ്ങുവർഗ്ഗ കിറ്റ് വിതരണം, കുറ്റികുരുമുളക് തൈവിതരണം എന്നിവ 100% സബ്സിഡിയോടെ നടപ്പിലാക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാർ നിർവ്വഹണോദ്യേഗസ്ഥരായി മരുന്നു വാങ്ങൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വീട്ടുവളപ്പിലെ മത്സ്യകൃഷി തൻവർഷം നടപ്പിലാക്കിയിട്ടില്ല. ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി തൻവർഷം 12 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി പെൺകുട്ടികൾക്ക് കരാട്ടേ പരിശീലനം നൽകിയിട്ടുണ്ട്. ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങി നൽകൽ എന്ന പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 1.12 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 1206149 |
| എസ്.സി.പി | 501600 |
| ടി.എസ്.പി | 14115 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 4949912 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | 2726887 |

| | |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1893698 |
| ആകെ | 11292361 |

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. വിഇഒ2 നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 11 പ്രോജക്റ്റുകളിൽ 9 എണ്ണവും നടപ്പിലാക്കിയെങ്കിലും ചെലവ് ശതമാനം 47 മാത്രമാണ്. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ ചെലവ് ശതമാനം 38 മാത്രമാണ്

വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്റ്റുകളുടെ നിർവഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതി ഫലപ്രാപ്തിയിൽ എത്തിയ്ക്കാൻ സാധിക്കുകയുള്ളൂ.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 183 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ് പ്രകാരം 225 പ്രവ്യത്തികളാണ് വിഭാവനം ചെയ്തത്. 173 പ്രവ്യത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 80 പ്രവ്യത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 49234 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 660 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവ്യത്തി, തോട് ആഴം കൂട്ടൽ, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ തുടങ്ങിയ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ കാഷ് ബുക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 292022 | |
| വരവ് | ഇ എഫ് എം എസ് വരവ് | 20637130 | 21229415 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ ) | 592285 | |
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | | | 21521437 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 14633949 | 21210984 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1287095 | |
| | ഉപകരണങ്ങളുടെ വില, വാടക | 4716086 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 573854 | |
| നീക്കിയിരിപ്പ് | | 310453 | |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 45423300 | 3299 |
| കർഷക തൊഴിലാളി പെൻഷൻ | 2312300 | 160 |
| വിധവ പെൻഷൻ | 18550800 | 1234 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 848600 | 57 |
| വികലാംഗ പെൻഷൻ | 5391200 | 363 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 07/12/2022-ന് 04:15 PM സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 9625/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്ന എ.സി.ആർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2020 | 03/2020 | പി എ യു3-01/2020 തീയതി 27.10.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2017 മുതൽ 20.03.2017 വരെ | 2014-15 മുതൽ 2015-16 വരെ | എൽബിഎ (എച്ച് ക്യൂ) II/I/8എ-2594/ 17-18/22 തീയതി 03.05.2017 |

## 1-11 വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ വിവിധ സാമ്പത്തിക ഇടപാടുകളുടെ അക്കൗണ്ട്സ് സൂക്ഷിപ്പുമായി ബന്ധപ്പെട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ട അടിസ്ഥാന രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല എന്ന് കാണുന്നു. 2021-22 വർഷം അടിസ്ഥാന രജിസ്റ്ററുകൾ നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുള്ളത്. രജിസ്റ്റർ സൂക്ഷിപ്പിലെ പ്രധാനപ്പെട്ട അപാകതകൾ താഴെ വിവരിക്കുന്നു.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് | രജിസ്റ്ററിന്റെ ഉദ്ദേശ്യം | അപാകതകൾ |
|---|---|---|---|
| 1. | Special Grants | പഞ്ചായത്തിലെ എല്ലാ പ്രത്യേക | രജിസ്റ്റർ അപൂർണ്ണമാണ് |

| | | | |
|---|---|---|---|
| | Appropriation Control Register(ACR) | ഉദ്ദേശ്യ ഗ്രാന്റുകളുടെയും ബ്ലോക്ക് ജില്ല പഞ്ചായത്ത് വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതങ്ങൾ തുടങ്ങി പഞ്ചായത്ത് ഫണ്ടിലെ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്ന രജിസ്റ്റർ. | |
| 2. | Deposits Received Register | ലഭിച്ച നിക്ഷേപങ്ങളുടെ വിവരം, കാലയളവ്, റീഫണ്ട് എന്നിവ നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ. ഉദാ:EMD | ഓഡിറ്റ് കാലയളവിലെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| 3 | Loan Register | പഞ്ചായത്ത് എടുക്കുന്ന വായ്പാ വിവരങ്ങൾ, അവയുടെ തിരിച്ചടവ് എന്നിവ നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ | ഓഡിറ്റ് കാലയളവിലെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| 4. | Governmet & Other Dues Register | സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കുമുള്ള അടവാക്കൽ നിരീക്ഷിക്കുന്ന രജിസ്റ്റർ ഉദാ:GST | രജിസ്റ്ററും വിശദാംശങ്ങളും സൂക്ഷിക്കുന്നില്ല. |
| 5. | Asset Register | ആസ്തികളുടെ മൂല്യം കൃത്യമായി വർഗ്ഗീകരിച്ച് സൂക്ഷിക്കുന്നതിന്. | രജിസ്റ്റർ കാലികമല്ല. ആസ്തികളുടെ കൃത്യമായ കണക്കെടുപ്പ് നടന്നിട്ടില്ല. ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്റ്റ് ചെലവുകൾ അക്കൗണ്ട് ചെയ്യുന്നതിൽ ധനകാര്യ പത്രികയിലും അപാകതകൾ നിലനിൽക്കുന്നു. |
| 6. | Advanve Register | പഞ്ചായത്തിൽ നിന്നും നൽകുന്ന വിവിധ അഡ്വാൻസ് തുകകൾ, ഡെപ്പോസിറ്റ് വർക്ക് തുക എന്നിവയുടെ വിനിയോഗം ക്രമീകരണം എന്നിവ നിരീക്ഷിക്കുന്നതിന് | ഓഡിറ്റ് കാലയളവിൽ രജിസ്റ്ററും വിശദാംശങ്ങളും സൂക്ഷിക്കുന്നില്ല.. |
| 7. | Capital Work In Progress Register | പാർട്ട് ബിൽ വിശദാംശങ്ങൾ നിരീക്ഷിക്കുന്നതിന്. ഫൈനൽ ബിൽ പ്രകാരം ആസ്തിയിലേക്ക് ഉൾപ്പെടുത്തുന്നതിന് പ്രോജക്റ്റ് വിശദാംശങ്ങൾ ഉൾപ്പടെ നിരീക്ഷിക്കുന്നതിന്. | രജിസ്റ്ററും വിശദാംശങ്ങളും സൂക്ഷിക്കുന്നില്ല. |
| 8. | Audit Recovery | ഓഡിറ്റ് റിപ്പോർട്ട്, സർച്ചാർജ് നോട്ടീസ് എന്നിവ പ്രകാരം | രജിസ്റ്ററും വിശദാംശങ്ങളും |

| | | | |
|---|---|---|---|
| | Register | അടവാക്കുന്ന തുകകളുടെ വരവ് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന്. തുക ഒടുക്കിയ വ്യക്തി/സ്ഥാപനം, ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക, വർഷം തുടങ്ങിയ വിശദാംശം ചേർത്ത് സെക്രട്ടറി സൂക്ഷിക്കേണ്ട രജിസ്റ്റർ. | പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. |

ഓഡിറ്റ് കാലയളവിൽ മേൽ വിവരിച്ച അടിസ്ഥാന രജിസ്റ്ററുകൾ തയാറാക്കാതെയാണ് ഇടപാടുകൾ നടന്നിട്ടുള്ളത് എന്നതിനാൽ ഇടപാടുകളുടെ കൃത്യതയും ആധികാരികതയും ഓഡിറ്റിന് ഉറപ്പാക്കാനാവുന്നില്ല. അടിസ്ഥാന രേഖകളുടെ സൂക്ഷിപ്പിലെ അപാകതയ്ക്ക് സെക്രട്ടറി രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്. അടിസ്ഥാന രേഖകളുടെ സൂക്ഷിപ്പിലെ അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.19/15.12.2022) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽവിവരിച്ച രജിസ്റ്ററുകൾ മുന്നിരിപ്പ് വിശദാംശങ്ങൾ, തൻവർഷ ഇടപാടുകൾ, ഇടപാടുകളുടെ സംക്ഷിപ്തം തുടങ്ങിയ എല്ലാവിവരങ്ങളും രേഖപ്പെടുത്തി ഓരോ ഇടപാടുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് . അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-12 ട്രഷറി അക്കൗണ്ടിൽ ഇല്ലാത്ത തുകകൾ ബാലൻസായി വാർഷിക കണക്കിൽ അവശേഷിക്കുന്നു.

2021-22 വാർഷിക കണക്കുകൾ ബി-17 ഷെഡ്യൂൾ പ്രകാരം ട്രഷറി VPFA 1-2 എന്ന അക്കൗണ്ടിൽ 16,91,572/- രൂപയും ട്രഷറി VPFA 1-3 ൽ 1,702/- രൂപയും ബാലൻസ് നിൽക്കുന്നു. ടി തുകയുടെ ട്രഷറി സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം-06/15.12.22) ട്രഷറിയിലെ രേഖകൾ പ്രകാരം നിലവിൽ പ്രസ്തുത അക്കൗണ്ടുകൾ ഇല്ലാത്തതാണെന്ന് സെക്രട്ടറി മറുപടി നൽകി. ടി തുകകൾ ഗവൺമെന്റ് പി.ഡി.അക്കൗണ്ടിൽ ലയിപ്പിച്ചതിനാൽ നിലവിൽ ബാലൻസ് ഇല്ലാത്തതായി കാണുന്നു എന്നും ട്രഷറിയുമായി ബന്ധപ്പെട്ട് നിജസ്ഥിതി ബോധ്യപ്പെടുത്തുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. ഇപ്രകാരം നിലവിലില്ലാത്ത തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ 16,93,274/- രൂപ അധികം നീക്കിയിരിപ്പ് വാർഷിക കണക്കുകളിൽ നിലനിൽക്കുന്നു. പ്രസ്തുത അക്കൗണ്ടുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച വിശദീകരണം ട്രഷറിയിൽ നിന്നും രേഖാമൂലം വാങ്ങിയതിനു ശേഷം തുടർ നടപടികൾ സ്വീകരിച്ച് ടി തുക വാർഷിക കണക്കിൽ നിന്നും ഒഴിവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത-തുടർനടപടി സ്വീകരിച്ചില്ല

31.03.2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിൽ 2 മുതൽ 5 വരെ വർഷങ്ങളിലധികമായി ബാധ്യതയായി അവശേഷിക്കുന്നു. പ്രസ്തുത ഗ്രാന്റുകൾ ലഭ്യമായതിന്റെ ഉദ്ദേശ്യം സംബന്ധിച്ച വിശദാംശം പഞ്ചായത്തിലെ രജിസ്റ്ററിലോ രേഖകളിലോ ലഭ്യമല്ല. ഗ്രാന്റുകൾ അക്കൗണ്ട് ചെയ്ത കണക്ക് ശീർഷകങ്ങളുടെ ലഡ്ജറിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | തുക |
|---|---|---|
| 1. | പ്രത്യേകാവശ്യ ഗ്രാന്റ് | 1037776 |

| | | |
|---|---|---|
| 2. | നിർമ്മൽ പുരസ്കാര തുക അവസാന ഗഡു | 2,50,000 |
| 3. | ശുചിത്വമിഷൻ ഫണ്ട് | 2192257 |
| 4. | പൈക | 65683 |

പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലമായി നിലനിൽക്കുന്ന ഗ്രാന്റ് തുക നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരികെ അടവാക്കിയോ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റ് തുകകളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർത്ത് ഫണ്ട് വിനിയോഗം നിരീക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ- 21/15.12.22)

1-14 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭിക്കുന്നില്ല

2016-17 മുതൽ 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് കരാറുകാരനെ ഇ-ടെണ്ടർ മുഖാന്തിരമാണ് തെരഞ്ഞെടുക്കുന്നത്. ഇ-ടെണ്ടറിൽ, ടെണ്ടർ ഫീസ് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് ചേർക്കുന്നത്. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിലേക്ക് ടെണ്ടർ ഫീസിന്റെ വിശദാംശങ്ങൾ ലഭിക്കുന്ന മുറക്ക് തുക നല്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിപ്പ് നല്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതനുസരിച്ച് 2020 ജനുവരി 1 മുതൽ 31-3-2022 വരെ മാത്രം 147989/- രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. കുടിശികയായ തുക ലഭ്യമാക്കുന്നതിനൊപ്പം അതാത് സാമ്പത്തിക വർഷം വിശദാംശങ്ങൾ ലഭ്യമാക്കി ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ഇ.എം.എസ് ഭവനനിർമ്മാണപദ്ധതി -ക്ലോസ് ചെയ്ത ലോൺ അക്കൗണ്ടിലേയ്ക്ക് തെറ്റായി അടവാക്കിയ തുകയിൽ തിരികെ ലഭിക്കാൻ ശേഷിക്കുന്ന തുക നാളിതുവരെ ലഭിച്ചിട്ടില്ല .

ഗ്രാമപഞ്ചായത്ത് ഇ.എം.എസ്. ഭവനനിർമ്മാണപദ്ധതിക്കായി പൊൻകുന്നം സർവീസ് കോപ്പറേറ്റീവ് ബാങ്കിൽ നിന്നും എടുത്ത വായ്പ 2012-13 വർഷം തന്നെ പൂർണ്ണമായി അടവാക്കിയിരുന്നു.എന്നാൽ 2013-14 വർഷം ലോൺ തിരിച്ചടവിനായി പ്രോജക്ട് ആവിഷ്കരിച്ച് 226,487 രൂപ ബാങ്കിൽ അടച്ചു. അപാകത തിരിച്ചറിഞ്ഞതിനെത്തുടർന്ന് അടച്ച തുക തിരികെ നൽകാൻ ബാങ്കിനോട് ആവശ്യപ്പെട്ടുവെങ്കിലും സർക്കാരിൽ നിന്ന് പലിശത്തുക ലഭിച്ചില്ലായെന്ന കാരണം ചൂണ്ടിക്കാട്ടി ബാങ്ക് തുക തിരികെ നൽകിയില്ല. പിന്നീട് പലിശത്തുക 208073 രൂപ സർക്കാരിൽ നിന്നും ബാങ്കിന് ലഭിച്ചതിനെത്തുടർന്ന് ബാങ്ക് അത്രയും തുക മാത്രം പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ആയത് 21.11.14 ൽ സർക്കാരിലേയ്ക്ക് അടവാക്കുകയും ചെയ്തിരുന്നു . എന്നാൽ ബാങ്കിൽ അടവാക്കിയതിൽ ഇനിയും തിരികെ ലഭിക്കാനുള്ള 18414 (226487- 208073) രൂപ നാളിതുവരെ ലഭിച്ചിട്ടില്ലയെന്ന് വാർഷിക കണക്ക് പരിശോധനയിൽ ( ബി-5 ഷെഡ്യൂൾ പ്രകാരം ) ബോധ്യപ്പെട്ടു .ഈ വിഷയം ഓഡിറ്റ് വകുപ്പിന്റെ 2012-13 വർഷത്തെ റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുണ്ട് . തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കാത്തതിന് കാരണം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 06/15.12.22 ) ബാങ്കിൽ നിന്നും തിരികെ ഈടാക്കുന്നതിന് അറിയിപ്പ് നൽകുന്നതാണെന്ന് അറിയിച്ചു . ബാങ്കിൽ അടവാക്കിയതിൽ ഇനിയും തിരികെ ലഭിക്കാനുള്ള 18414 രൂപ തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

1-16 സിവിൽ സ്റ്റേഷൻ കെട്ടിടത്തിന് വസ്തു നികുതി ഒഴിവാക്കി നല്കി -രണ്ടു ലക്ഷത്തിലധികം രൂപ വാർഷിക വസ്തുനികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ 2-ാം വാർഡിൽ 337 A നമ്പർ നല്കിയ തഹസീൽദാർ, സിവിൽ സ്റ്റേഷൻ, പൊൻകുന്നം

പേരിലുള്ള 4748 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തെ വസ്തുനികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 207(1) എച്ച് പ്രകാരം സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിനു വിട്ടു കൊടുത്ത സ്ഥാപനം എന്ന ഗണത്തിൽപെടുത്തിയാണ് നികുതി ഒഴിവാക്കി നല്കിയിട്ടുള്ളത്. 2018-19 രണ്ടാം അർദ്ധവർഷത്തിലാണ് ടി കെട്ടിടം നികുതി നിർണ്ണയത്തിന് വിധേയമായിട്ടുള്ളത്. 4748 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കായ ച.മീറ്ററിന് 40 രൂപ നിരക്കിൽ ചുവടെ ചേർക്കും പ്രകാരം കണക്കാക്കാവുന്നതാണ്.

| | വിസ്തീർണ്ണം (ച.മീ) | ബാധകമായ അടിസ്ഥാന നികുതി @40/ച.മീ | റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | | ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് | വർദ്ധനവിനും ഇളവുകൾക്കും ശേഷം വസ്തു നികുതി |
|---|---|---|---|---|---|---|
| താഴത്തെ നില | 613 | 24520 | 4904 | 29424 | - | 29424 |
| 1--ാം നില | 1333 | 53320 | 10664 | 63984 | 3199 | 60785 |
| 2-ാം നില | 1333 | 53320 | 10664 | 63984 | 6398 | 57586 |
| 3-ാം നില | 1333 | 53320 | 10664 | 63984 | 9598 | 54386 |
| 4-ാം നില | 136 | 5440 | 1088 | 6258 | 1306 | 4952 |
| ആകെ | 4748 | 189920 | | | | 207133 |

ഇപ്രകാരം 207133 രൂപ വസ്തുനികുതിയും 5% ലൈബ്രറി സെസ് 10357 രൂപയും ഉൾപ്പെടെ ആകെ 217490 രൂപ ടി കെട്ടിടത്തിന് വാർഷിക വസ്തു നികുതിയായി ഈടാക്കാവുന്നതാണ്.

സർക്കാർ ഉടമസ്ഥതയിലുള്ള സിവിൽ സ്റ്റേഷൻ പ്രവർത്തിക്കുന്ന ടി കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/15.12.22) സർക്കാർ സ്ഥാപനമായതിനാലാണ് വസ്തു നികുതി ഒഴിവാക്കി നല്കിയതെന്നും നിയമപ്രകാരമുള്ള വസ്തു നികുതി നിശ്ചയിച്ച് ഈടാക്കുന്നതാണെന്നും മറുപടി നല്കി.പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

സ.ഉ(അ)നമ്പർ 19/2011/തസ്വഭവ/14.01.2011 ന്റെ അടിസ്ഥാനത്തിൽ ചിറക്കടവ്

ഗ്രാമപഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 40 ഉം 100 ച.മീറ്ററിന് മുകളിൽ 60ഉം 200ച.മീ. താഴെയുള്ള സൂപ്പർമാർക്കറ്റുകൾക്ക് 40ഉം 200ച.മീ.ന്റ മുകളിലുള്ള സൂപ്പർമാർക്കറ്റുകൾക്ക് 80 രൂപ നിരക്കിലും നികുതി ഈടാക്കാവുന്നതാണ്.എന്നാൽ പഞ്ചായത്തിലെ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ 100 ച.മീ കുറവു വരുന്ന മുറികളായി തിരിച്ച് നമ്പരുകൾ നല്കുകയും 100 ച.മീ കുറവു വരുന്ന കെട്ടിടങ്ങൾക്ക് ബാധകമായ 40/ച മീ നിരക്കിൽ നികുതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അപാകത മൂലം പഞ്ചായത്തിന് പ്രതിവർഷം നികുതിയിനത്തിൽ നഷ്ടം വരുന്നുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | കണക്കാക്കിയ നിരക്ക് | കണക്കാ ക്കേണ്ടത് | പ്രതിവർഷം നഷ്ടം |
|---|---|---|---|---|---|
| 2/618 B മുതൽ F വരെ | ഡൊമിനിക് കോയിപ്പുറത്ത് | 201.57 | @40 | @60 | 201.57*20- 4031 |
| 3/615 A മുതൽ I വരെ | ഷക്കീല ഷൈനിമോൾ പുതുപ്പറമ്പിൽ | 434.6 | @40 | @60 | 434.6 *20-8692 |
| 2/432 E | ഇന്ദിരാ ദിവാകരൻ | 112.7 | @40 | @60 | 112.7*20-2254 |
| 2/479A -J | ഷിബു സക്കറിയ മൊളപ്പറമ്പിൽ | 496.1 | @40 | @60 | 496.1* 20-9922 |
| 2/520 C-I | രാജേന്ദ്രസിംഗ് ബാബു സദനം | 242.19 | @40 | @60 | 242.19* 20-4844 |
| 2/512 A-E | ബിന്ദു കുര്യൻ പതിയിൽ | 143.57 | @40 | @60 | 143.57* 20-2871 |
| 5/854 A-F | ഗീതാദേവി | 333.77 | @40 | @60 | 333.77*20-6675 |

അപാകത സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/15.12.22) നിയമപ്രകാരമുള്ള വസ്തുനികുതി ഈടാക്കുന്നതാണെന്ന് മറുപടി നല്കി. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് അവയുടെ ഉപയോഗക്രമവും വിസ്തീർണ്ണവും അനുസരിച്ച് ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ഒരേ മേഖലയിലുള്ള കെട്ടിടങ്ങളെ വിവിധ തരത്തിൽ വസ്തു നികുതി നിർണ്ണയം നടത്തി

പഞ്ചായത്തിലെ 2-ാം വാർഡിൽ പ്രഥമ മേഖലയിൽ ഉൾപ്പെട്ട ബസ് സ്റ്റാന്റ് കോയിപ്പള്ളി റോഡിനു (5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്) സമീപം സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ വ്യത്യസ്ത തരത്തിൽ നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ബിജു, മുണ്ടമറ്റം ഉടമസ്ഥതയിലുള്ള 2/316 B, എന്ന നമ്പർ നല്കിയ കെട്ടിടത്തെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തുകയും 5 മീറ്ററിൽ കൂടുതലുള്ള റോഡിന് നല്കുന്ന 20% വർദ്ധനവ് വരുത്തി നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിനോടടുത്തുള്ള മറ്റ് കെട്ടിടങ്ങളുടെയും നികുതിനിർണ്ണയം ഇത്തരത്തിലാണ് നടത്തിയിട്ടുള്ളത്. എന്നാൽ ആന്റണി

മനോഹരൻ, മാത്യു എന്നിവരുടെ ഉടമസ്ഥതയിലുള്ള 2/316 D എന്ന നമ്പർ നല്കിയ 110.68 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തുകയും 10% ഇളവ് നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റോഡ് 1.5 മീറ്ററിൽ കൂടുതൽ എന്ന കാണിച്ച് 5 മീറ്ററിൽ കൂടുതലുള്ള റോഡിന് നല്കുന്ന വർദ്ധനവ് വരുത്തിയിട്ടുമില്ല. ഇപ്രകാരം ടി കെട്ടിടത്തിന് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് നല്കുകയും റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്താതിരിക്കുകയും ചെയ്തതു വഴി നികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്. ഒരേ മേഖലയിലുള്ള കെട്ടിടങ്ങളെ ഇപ്രകാരം വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/15.12.22) നിയമപ്രകാരമുള്ള വസ്തു നികുതി നിശ്ചയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി നല്കി. ഒരേ മേഖലയിലുള്ള കെട്ടിടങ്ങളെ ഒരേ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 NSS കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വസ്തു നികുതി ആരാധനാലയത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തി ഒഴിവാക്കി നല്കി

2-ാം വാർഡിൽ NSS കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള 690 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന് വിവിധ മുറികളായി തിരിച്ച് 710 H മുതൽ Oവരെയുള്ള നമ്പറുകൾ നല്കി വസ്തുനികുതി നിർണ്ണയിച്ച് നല്കിയിട്ടുണ്ട്. എന്നാൽ 2/710 Nനമ്പർ നല്കിയ 120 ച.മീ വിസ്തീർണ്ണമുള്ള ഭാഗവും 2/710 Oനമ്പർ നല്കിയ 354 ച.മീ വിസ്തീർണ്ണമുള്ള ഭാഗവും പൊതു ആരാധനാലയങ്ങളും അനുബന്ധ കെട്ടിടങ്ങളും എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നല്കിയതായി കാണുന്നു.. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 207(1) എ പ്രകാരം പൊതു ആരാധനയ്ക്കായി നീക്കി വെച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമേ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ. വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തെ ഇപ്രകാരം പൊതു ആരാധനാലയങ്ങളും അനുബന്ധ കെട്ടിടങ്ങളും എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/15.12.22) നിയമപ്രകാരമുള്ള വസ്തു നികുതി നിശ്ചയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി നല്കി. ആയതിനാൽ ആകെ 474 ച.മീ വിസ്തീർണ്ണമുള്ള 2/710 N,2/710 O എന്നീ രണ്ട് മുറികളുടെ ഉപയോഗ ക്രമം പരിശോധിച്ച് അതിനനുസൃതമായ നികുതി ചുമത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ചിപ്പി ഫിനാൻസ് | 2 |
| 2 | ജനസേവന കമ്മ്യൂണിറ്റി ഫാർമസി | 2 |

മേൽ സ്ഥാപനങ്ങളിലെ, തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. കൂടാതെ ചിപ്പി ഫിനാൻസിന്റെ രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-21 കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ -ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവടങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി 21--22വർഷം ഈടാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തീയതിയിൽ അവസാനിക്കണമെന്ന് പ്രസിഡന്റ് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തീയതിയിൽ അവസാനിക്കുന്നതുമാകുന്നു.

2021-22 വർഷത്തിൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 508 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും /പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2021 ഫെബ്രുവരി-മാർച്ച് മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 165 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയ ില്ല

ഓഡിറ്റ് കാലയളവിൽ ട്രേഡേഴ്സ് രജിസ്റ്റർ തയാറാക്കി സൂക്ഷിച്ചിട്ടില്ല . ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2022 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2845 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ കേവലം 508 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് . ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ബാക്കി കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത

നിലനിൽക്കുന്നുണ്ട് എന്ന കാര്യം ഇതിൽ നിന്ന് വ്യക്തമാണ്.

കൂടാതെ പഞ്ചായത്ത് പരിധിയിൽ വരുന്ന റേഷൻ കടകൾ , ഷാപ്പുകൾ , , അക്ഷയ കേന്ദ്രം, ലോഡ്ജുകൾ, ജിമ്നേഷ്യം , പുകപരിശോധന കേന്ദ്രങ്ങൾ , സിനിമാ തീയറ്റർ തുടങ്ങിയവയിൽ നിന്നും 2021-22 വർഷങ്ങളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല . എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

4)ലൈസൻസ് തുക ആനുപാതികമായി കൂടിയിട്ടില്ല

മുൻ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിലും ലഭിച്ച തുക ആനുപാതികമായി കൂടിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| വർഷം | ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ | ലൈസൻസ് ഇനത്തിൽ ലഭിച്ച തുക |
|---|---|---|
| 2020-21 | 409 | 468860 |
| 2021-22 | 508 | 451000 |

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുകയും പട്ടിക 2-ലെ ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട് . 2021-22 വർഷത്തെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഓരോ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തുകയുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചില്ല . സ്ഥാപനങ്ങളെ മൈക്രോ, മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിക്കുകയും ഉൽപ്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമയി ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ മേൽ വിഷയങ്ങളിൽ ഉണ്ടാകേണ്ടതാണ്.


1-23 ബസ് സ്റ്റാൻഡ് ഫീസ് പിരിവ് - ലേല നടപടികളിലേക്ക് തിരികെപ്പോകണം

1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ മറ്റു വാഹന സ്റ്റാൻഡുകൾ)ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം സ്റ്റാൻഡിൽ കൂടി കടന്നു പോകുന്ന ബസ്സുകൾക്ക് പാർക്ക് ചെയ്യാൻ മതിയാവുന്നത്ര സ്ഥലസൗകര്യവും, ആവശ്യമെങ്കിൽ ബസ് എത്തിച്ചേരുന്നതും പുറപ്പെടുന്നതും അറിയിക്കുന്ന പൊതു അനൗൺസ്മെന്റ് സിസ്റ്റം പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണെന്നും പ്രസ്തുത അവകാശം കൈമാറുന്നതിനായി ഗ്രാമപഞ്ചായത്ത് പൊതുജനങ്ങളിൽ നിന്ന് ക്വൊട്ടേഷൻ ക്ഷണിക്കേണ്ടതും പഞ്ചായത്ത് ചുമത്താവുന്ന നിബന്ധനകൾക്ക് വിധേയമായി പെർമിറ്റ് നൽകിക്കൊണ്ട് അപ്രകാരമുള്ള അവകാശങ്ങൾ ഏൽപ്പിച്ചു കൊടുക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് .

കോവിഡ് പശ്ചാത്തലത്തിൽ ബസ് സർവീസ് നിർത്തിവെച്ചതിനെ തുടർന്ന് 2020 -21 കാലയളവിൽ ലേലം കൊണ്ടവർക്ക് സ്റ്റാൻഡ് പിരിവ് നടത്തുവാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് 2021-22 ൽ ചിറക്കടവ് ഗ്രാമപഞ്ചായത്ത് പൊൻകുന്നം സ്റ്റാൻഡിലെ ബസ് സ്റ്റാൻഡ് ഫീസ് പിരിക്കുന്നതിന് ടൈം കീപ്പിംഗ് തൊഴിലാളികൾക്ക് അനുമതി നൽകിയിരുന്നു. ആയത് പ്രകാരം 12 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത് അനുവദിക്കുന്ന രസീത് പ്രകാരം പ്രതിദിന രസീത് തുകയുടെ പകുതി പഞ്ചായത്തിൽ ഒടുക്കണമെന്ന വ്യവസ്ഥയോടെ ഫീസ് പിരിക്കുവാൻ 26.08.21 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4(1) ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകി . ആയതിൻ പ്രകാരം പഞ്ചായത്തിൽ നിന്ന് ഇഷ്യൂ ചെയ്ത രസീത് ഉപയോഗിച്ച്

നടത്തിയ പിരിവിന്റെ അടിസ്ഥാനത്തിൽ ബസ് സ്റ്റാൻഡ് ഫീസ് ഇനത്തിൽ 2021-22 ൽ 132230 രൂപ വരവ് ഉണ്ട് .

കഴിഞ്ഞ 4 വർഷത്തെ ബസ് സ്റ്റാൻഡ് പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .




| വർഷം | ലഭിച്ച തുക |
|---|---|
| 2021-22 | 132230 |
| 2020-21 | 300000 |
| 2019-20 | 565101 |
| 2018-19 | 564000 |


2020-21 വർഷം വരേയും ഓരോ വർഷവും നടത്തുന്ന ലേല നടപടികളിലൂടെയാണ് ബസ് സ്റ്റാൻഡ് ഫീസ് പിരിവിനുള്ള അവകാശം ഏൽപ്പിച്ചു കൊടുത്തിരുന്നത് . 2020-21 വർഷത്തിൽ 566100 രൂപായ്ക്ക് പ്രസ്തുത അവകാശം നേടിയവർക്ക് കോവിഡ് പശ്ചാത്തലത്തിൽ ബസ് സർവീസ് നിർത്തിവെച്ചതിനെ തുടർന്ന് പിരിവ് കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞിരുന്നില്ല (300000 രൂപ മാത്രമെ ഒടുക്കുവാൻ കഴിഞ്ഞുള്ളൂ). പൊതുഗതാഗതം സാധാരണ നിലയിലായ നിലവിലും ഒരു ദിവസം ശരാശരി 800 രൂപ (അവധി ദിവസങ്ങളിൽ 600 രൂപ) വീതമാണ് പഞ്ചായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത് . അതായത് ഒരു വർഷം പരമാവധി 2.75 ലക്ഷം രൂപ മാത്രമാണ് വരവ് വരുവാൻ സാധ്യത. 2020-21 വരേയും 5.5 ലക്ഷം രൂപയിൽ കൂടിയ തുകയ്ക്കായിരുന്നു ലേല അവകാശം കൈമാറിപോയിരുന്നത് . ലേല നടപടികളിലേക്ക് തിരികെപ്പോകണം എന്നാണ് മേൽ കണക്കുകൾ ഓർമ്മപ്പെടുത്തുന്നത്. കൂടാതെ ബസ് സ്റ്റാൻഡിൽ അനൗൺസ്മെന്റ് സിസ്റ്റം പ്രവർത്തിക്കുന്നതായി കാണാൻ കഴിയുന്നു. പഞ്ചായത്തിന്റെ അനുമതിയോടെയാണോ അനൗൺസ്മെന്റ് സിസ്റ്റം പ്രവർത്തിക്കുന്നത് എന്നതും വ്യക്തമല്ല. അപാകത ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (14/14.12.2022) മറുപടി ലഭ്യമാക്കിയില്ല.

ചട്ടം 14 ൽ വ്യവസ്ഥ ചെയ്ത പ്രകാരം തനതു വരുമാനത്തിൽ ചോർച്ചയുണ്ടാകാത്ത വിധം മേൽ വിഷയത്തിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു .

## 1-24 പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ - വരവിന്റെ ആധികാരികത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ , വിരാമസ്ഥലങ്ങൾ , വണ്ടിത്താവളങ്ങൾ മറ്റു വാഹന സ്റ്റാൻഡുകൾ )ചട്ടം 14 പ്രകാരം യാത്രക്കാർക്ക് മോട്ടോർ വാഹനത്തിനു വേണ്ടിയുള്ള പൊതുവായ വണ്ടിത്താവളത്തിലും പാർക്ക് ചെയ്യുന്ന സ്ഥലങ്ങളിലും ടോയ്ലറ്റും മൂത്രപ്പുരയും അടക്കമുള്ള സൗകര്യങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണെന്നും ഓരോ വർഷവും ടോയ്ലറ്റും മൂത്രപ്പുരയും പരിപാലിക്കുന്നതിനും ഗ്രാമപഞ്ചായത്ത് പൊതുജനങ്ങളിൽ നിന്ന് കൊട്ടേഷൻ ക്ഷണിക്കേണ്ടതും പഞ്ചായത്ത് ചുമത്താവുന്ന നിബന്ധനങ്ങൾക്ക് വിധേയമായി പെർമിറ്റ് നൽകിക്കൊണ്ട് അപ്രകാരമുള്ള അവകാശങ്ങൾ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് .
ചിറക്കടവ് പഞ്ചായത്തിൽ ദിവസ വേതനത്തിൽ ആളെ നിയമിച്ച് ടോയ്ലറ്റ് , മൂത്രപ്പുര എന്നിവ പരിപാലിക്കുകയാണ് ചെയ്തു വരുന്നത് . ഓരോ ദിവസവും ലഭിക്കുന്ന പബ്ലിക്ക് കംഫോർട്ട് സ്റ്റേഷനിൽ നിന്നുള്ള വരവ് തുക തൊട്ടടുത്ത ദിവസം പഞ്ചായത്തിൽ ഒടുക്കി വരുന്നു . 2021-22 വർഷത്തെ പബ്ലിക്ക് കംഫോർട്ട് സ്റ്റേഷനിൽ നിന്നുള്ള വരവ് , ചെലവ് എന്നിവ താരതമ്യം ചെയ്തതിൽ പരിപാലന ചെലവാണ് വരവിനെ അപേക്ഷിച്ച് കൂടുതൽ എന്ന് ബോധ്യമാകുന്നു . 2021-22 വർഷം ടോയ്ലറ്റ് , മൂത്രപ്പുര എന്നിവ പരിപാലിക്കുന്നതിന് വേതനമിനത്തിൽ 221100 രൂപ പഞ്ചായത്ത് നൽകിയപ്പോൾ 170269 രൂപ

മാത്രമാണ് Public Comfort Station നിന്നുള്ള വരവുള്ളത്. വരവിന്റെ ആധികാരികത ഉറപ്പിക്കുന്നതിനാവശ്യമായ രസീത് നൽകുന്നതുമില്ല . കഴിഞ്ഞ 5 വർഷത്തെ പബ്ലിക്ക് കംഫോർട്ട് സ്റ്റേഷൻ വരവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .




| വർഷം | ലഭിച്ച തുക |
|---|---|
| 2021-22 | 170269 |
| 2020-21 | 89924 |
| 2019-20 | 322716 |
| 2018-19 | 425105 |
| 2017-18 | 478895 |

ഓരോ വർഷം കഴിയുംതോറും പബ്ലിക്ക് കംഫോർട്ട് സ്റ്റേഷനിൽ നിന്നുള്ള വരവ് തുകയിൽ കുറവാണ് സംഭവിക്കുന്നത് എന്ന് മേൽ കണക്കുകളിൽ നിന്ന് ബോധ്യമാകുന്നു . പരിപാലന ചെലവ് വരും വർഷങ്ങളിലും കൂടുവാനാണ് സാധ്യത. ഓരോ വർഷവും ടോയ്ലറ്റും മൂത്രപ്പുരയും പരിപാലിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകാവുന്നതാണെന്ന നിർദ്ദേശം ഓഡിറ്റ് മുന്നോട്ടുവയ്ക്കുന്നു . ടോയ്ലറ്റ് , മൂത്രപ്പുര എന്നിവ പരിപാലിക്കുന്നതിന് നിലവിലെ രീതി തുടരുകയാണെങ്കിൽ വരവിന്റെ ആധികാരികത ഉറപ്പിക്കുന്നതിനായി രസീത് ബുക്കുകൾ പ്രിന്റ് ചെയ്ത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പിരിവിനായി നൽകേണ്ടതാണ് . ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു . ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 14/14.12.22) രസീത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

### 1-25 വാടക- അപാകതകൾ

1. 2021-22 ൽ വാടക കുടിശ്ശിക വരുത്തിയ ചുവടെ സൂചിപ്പിച്ചവർ നാളിതുവരെ തുക ഒടുക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| പേര് | റൂം നമ്പർ | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| എം ജി വിനോദ് | 80 | 04/21 മുതൽ 03/22 വരെ | 5196 |
| അനിൽ കുമാർ പി ജി | 92 | 01/22 മുതൽ 03/22 വരെ | 4635 |
| ആകെ | | | 9831 |

കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2. വാടക ഡിമാന്റ് രജിസ്റ്ററിലോ ഡെപ്പോസിറ്റ് രജിസ്റ്ററിലോ വാടക നിക്ഷേപത്തിന് റെ(Rent Deposit) കണക്കുകളുടെ വിശദാംശം ലഭ്യമല്ല. 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള വാടക നിക്ഷേപം ( Other Deposits , Rent Deposits എന്നിവയിലായി ഉൾപ്പെട്ടിരിക്കുന്നു) ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കിയത് എന്നത് വ്യക്തമല്ല. നിലവിലുള്ള കുത്തകക്കാർ എല്ലാവരും വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല. വാടക നടപടിക്രമങ്ങളിലും അനുബന്ധരേഖകൾ കൈകാര്യം ചെയ്യുന്നതിലും മേൽവിവരിച്ച അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/14.12.22)

മറുപടി നൽകിയതിൻ പ്രകാരം അപാകത പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാടക നിക്ഷേപ തുക അടവാക്കിയവരുടെ വിശദാംശം, കണക്കുകൾ എന്നിവ തയ്യാറാക്കി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. നിലവിലുള്ള എല്ലാ കുത്തകക്കാരും വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-26 കോവിഡ് കാലത്തെ ലേല കുടിശ്ശിക തുകയിൽ ഇളവ് നൽകുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തണം

2021-22 വർഷത്തെ വാർഷിക കണക്ക് B-15 ഷെഡ്യൂളിലെ Receivables Towards Bus Stand Receipts(Arrears) എന്ന ശീർഷകത്തിൽ 464999 രൂപ ലഭിക്കാനുള്ളതായി സൂചിപ്പിച്ചിട്ടുണ്ട് . പ്രസ്തുത തുക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം- 17/14.12.22) കോവിഡ് പശ്ചാത്തലത്തിൽ ബസ് സർവീസ് നിർത്തിവെച്ചതിനെ തുടർന്ന് സ്റ്റാൻഡ് പിരിവ് നടത്തുവാൻ കഴിഞ്ഞിരുന്നില്ല എന്നും ആയതിനാൽ ലേല തുകയിൽ ആനുപാതിക ഇളവ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ബസ് സ്റ്റാന്റ് ലേലത്തിൽ ഏറ്റെടുത്തിരുന്ന "My Bus Designated Partner " അപേക്ഷ നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി . ലേല തുകയിൽ ആവശ്യമായ ഇളവ് നൽകുവാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും മറുപടി നൽകി . ഇളവ് നൽകുവാൻ ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 1-27 പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് - അപാകതകൾ

2021-22 കാലയളവിൽ 380 കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട് . പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഭൂരിഭാഗത്തിലും കെട്ടിടങ്ങളുടെ വിസ്തീർണം , FSI , കെട്ടിടങ്ങളിൽ നിന്നും ലഭിച്ച പെർമിറ്റ് ഫീസ് എന്നിവ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല . ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 20/15.12.22 ) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി . പെർമിറ്റ് രജിസ്റ്ററിൽ മേൽ സൂചിപ്പിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് .

## 1-28 വിനോദനികുതി പിരിക്കുന്നില്ല

സിനിമാ തിയേറ്ററുകളിലെ നൂറു രൂപയിൽ കുറവുള്ള ടിക്കറ്റിന് അഞ്ചു ശതമാനവും നൂറുരൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5ശതമാനവും വിനോദനികുതി ഈടാക്കുന്നതിന് സ.ഉ.(കൈ) നം.112/2019 /ത.സ്വ.ഭ.വ. തീയതി 31.08.2019പ്രകാരം നിർദ്ദേശമുണ്ട്. 01.09.2019മുതലാണ് ഇതിന് പ്രാബല്യം. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനനുസൃതമായി പിരിച്ചെടുത്ത നികുതി തൊട്ടടുത്ത മാസം മൂന്നാംതീയതിക്കുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നു. ചിറക്കടവ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2021-22സാമ്പത്തിക വർഷം പ്രവർത്തിച്ച തിയേറ്ററിൽനിന്നും ലഭിച്ച വിനോദനികുതിയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9/13.12.22) വിനോദനികുതി ഈടാക്കിയിട്ടില്ല എന്നും 100 സീറ്റിംഗ് കപ്പാസിറ്റിയുള്ള തിയേറ്ററിൽനിന്നും വിനോദനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. വിനോദനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29-1 വാഹന വാടക നൽകിയതിൽ ഇരട്ടിപ്പ് - അധികതുക നൽകി

വൗച്ചർ നമ്പർ 22100757/ 5- 10-21 പ്രകാരം ഗ്രാമപഞ്ചായത്ത് വാടകയ്ക്കെടുത്ത കെഎൽ 05-N4 മാരുതി ഓമ്നി എന്ന വാഹനത്തിൻറെ 26- 6 -21 മുതൽ 31- 8 -21 വരെയുള്ള വിവിധ തീയതികളിൽ 36 ദിവസത്തേക്ക് വാഹന വാടക 300 രൂപ നിരക്കിൽ 10800/- രൂപ നൽകിയതായി കാണുന്നു. എന്നാൽ വൗച്ചർ നമ്പർ 22100936 /10-11-2021 പ്രകാരം പ്രസ്തുത വാഹനത്തിന്റെ 1-8-21 മുതൽ 31-08-21 വരെയുള്ള

31 ദിവസത്തെയ്ക്ക് 300രൂപ നിരക്കിൽ വാടക 9300/-രൂപ വീണ്ടും നൽകിയതായി കാണുന്നു. അപാകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം27/16.12.22) മറുപടിയായി അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വൗച്ചർ നമ്പർ 22100936 10-11-2021 പ്രകാരം അധികമായി നൽകിയ 9300-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-29-2 വാഹനപരിപാലനം -അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ച് വരുന്ന KL34B-3864 വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ പല ദിവസങ്ങളിലെയും രേഖപ്പെടുത്തലുകളിൽ അവ്യക്തത കാണുന്നു. ഉദാഹരണമായി 6-5-2021 ൽ കി.മീറ്ററുകൾ രേഖപ്പെടുത്തുന്നതിൽ വെട്ടിതിരുത്തലുകൾ ഉണ്ടായിട്ടുണ്ട്. കി.മീറ്റർ റീഡിങ്ങ് പരിശോധിച്ചതിൽ 8111 മുതൽ 8157 വരെ യാത്രചെയ്തതതിന്റെ കൃത്യമായ രേഖപ്പെടുത്തലില്ല. പലദിവസങ്ങളിലും (16-6-21, 5-8-21, ..Etc)യാത്രചെയ്ത ഉദ്യോഗസ്ഥന്റെ പേര് വിവരം, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വാഹനഉപയോഗം നിരീക്ഷിക്കാനുള്ള സുപ്രധാന രേഖയായ ലോഗ് ബുക്കിന്റെ പരിപാലനത്തിലെ അപാകതകൾ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 വാഹനങ്ങൾ വാടകയ്ക്കെടുക്കൽ- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ ഉപയോഗത്തിലിരുന്ന KL05 Y7209ടാറ്റാ സുമോ, KL05N4 മാരുതി ഓമ്നി എന്നീ വാഹനങ്ങൾക്ക് 06/2021മുതൽ 3/2022 വരെ കാലയളവിൽ വാഹനവാടക അനുവദിച്ചതായി കാണുന്നു. പ്രസ്തുത വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ വിളിച്ച് നിരക്ക് നിർണ്ണയിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല. പ്രതിമാസ വാടക KL05 Y7209 യ്ക്ക് 600/-രൂപ നിരക്കിലും KL05N4യ്ക്ക് 300/- രൂപ നിരക്കിലും നൽകിയതായി കാണുന്നു. KL05 Y7209 എന്ന വാഹനം ലോഗ് ബുക്ക് പ്രകാരം ഓടാത്ത ദിവസങ്ങളിലെയും വാടക നൽകിയതായി കാണുന്നു. ഉദാഹരണമായി 2021 ഒക്ടോബർമാസം KL05 Y7209 എന്ന വാഹനം ലോഗ്ബുക്ക് പ്രകാരം 17 ദിവസം മാത്രമാണ് ഓടിയത് . എന്നാൽ 31 ദിവസത്തെയും വാടക 600/-രൂപ നിരക്കിൽ നൽകുകയുണ്ടായി. സർക്കുലർ നം 85/2018 ഫിൻ തീയതി 15-9-18 പ്രകാരം ദീർഘകാല അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരുദിവസത്തെ കുറഞ്ഞ മണിക്കൂറും ഒരുമാസത്തെ കുറഞ്ഞ കി.മീ റും നിശ്ചയിച്ച് പ്രതിമാസ ചാർജ്ജ് നിശ്ചയിക്കേണ്ടിയിരുന്നു. ഡ്രൈവറെ ഉൾപ്പടെ വാഹനം നൽകേണ്ടതാണെന്നും ഇന്ധനം, മെയിന്റനൻസ് എന്നിവ കരാറുകാരൻ തന്നെ വഹിക്കണമെന്നും പ്രസ്തുത സർക്കുലറിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ ഈ നിബന്ധനകളൊന്നും ഗ്രാമപഞ്ചായത്ത് വാഹനം വാടകയ്ക്കെടുത്ത സമയത്ത് പാലിച്ചിട്ടില്ല. കി.മീ അടിസ്ഥാനത്തിലോ കുറഞ്ഞ മണിക്കൂറിന്റെ അടിസ്ഥാനത്തിലോ നിരക്ക് നിശ്ചയിച്ചിട്ടില്ല. പ്രതിമാസം വാഹന വാടക അനുവദിക്കുന്നതിന് പുറമെ ഡ്രൈവർക്ക് ദിവസവേതനവും ഇന്ധനം, മെയിന്റനൻസ് എന്നിവ ഗ്രാമപഞ്ചായത്ത് തന്നെ വഹിക്കുകയും ചെയ്തതായി കാണുന്നു. 13-8-2021 ലെ വൗച്ചർ നം 22100560 പ്രകാരം ടാറ്റാസുമോയുടെ മെയിന്റനൻസിനായി 18280/-രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത വാഹനത്തിന് 2022 മാർച്ച് മാസം വാഹനവാടകയിനത്തിൽ 16800/-രൂപയും ഡ്രൈവറുടെ വേതനമായി 19630/- രൂപയുമുൾപ്പടെ 36430/-രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കുലറിലെ നടപടിക്രമങ്ങൾ പാലിക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് അധികം തുക നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 26(2)/16.12.22) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിങ്ങിൽ കോവിഡ് സാഹചര്യത്തിൽ അടിയന്തിരമായി ചെയ്ത പ്രവൃത്തിയായതിനാലാണ് നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായതെന്ന് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. എന്നാൽ 2/2022 മുതൽ വാഹനം കോവിഡ് ഇതര പ്രവൃത്തികൾക്കായാണ് സർവീസ് നടത്തിയിട്ടുള്ളത്. ഇത് അനുവദനീയമല്ല. പ്രസ്തുത

വിഷയത്തിൽ വാഹനം വാടകയ്ക്കെടുത്ത് ദീർഘകാലം ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി വാങ്ങേണ്ടതും സർക്കുലറിലെ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-31 താത്ക്കാലിക ഡ്രൈവർക്ക് അധിക വേതനം നൽകി

ഗ്രാമപഞ്ചായത്തിൽ കോവിഡ് കാലയളവിൽ ദിവസവേതനത്തിൽ നിയമിച്ച താത്ക്കാലിക ഡ്രൈവർക്ക് അധികവേതനം അനുവദിച്ചതായി കാണുന്നു. ജിഒ(പി)നം 29/2021/ധന/11-2-21പ്രകാരം കാറ്റഗറി 2ൽ വരുന്ന ഡ്രൈവർക്ക് അനുവദിക്കാവുന്ന ദിവസവേതനം 730/-രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിദിനം 755/- രൂപ നിരക്കിൽ വേതനം അനുവദിച്ചത് വഴി അധികം തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | ദിവസം | നൽകാവുന്ന തുക @730 | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|
| 22100202/28-5-21 | 13 | 9490 | 9815 | 325 |
| 22100211/2-6-21 | 20 | 14600 | 15100 | 500 |
| 22100386/6-7-21 | 30 | 21900 | 22500 | 600 |
| 22100495/4-8-21 | 31 | 22630 | 23405 | 775 |
| 22100653/8-9-21 | 31 | 22630 | 23405 | 775 |
| 22100780/7-10-21 | 24 | 17520 | 18120 | 600 |
| 22100779/7-10-21 | 27 | 19710 | 20385 | 675 |
| 22100922/2-11-21 | 16 | 11680 | 12080 | 400 |
| 22100941/11-11-21 | 17 | 12410 | 12835 | 425 |
| 22101060/9-12-21 | 13 | 9490 | 9815 | 325 |
| 22101157/5-1-22 | 14 | 10220 | 10570 | 350 |
| 22101263/3-2-22 | 16 | 11680 | 12080 | 400 |
| 22101356/3-3-22 | 26 | 18980 | 19630 | 650 |
| | | | | 6800 |

ദിവസവേതനമിനത്തിൽ അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 26/16.12.22)മറുപടിയായി അധികമായി നൽകിയ 6800/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-32 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ (ഡയറക്റ്റ് റ്റു ഹോം സ്കീം ) മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും സഹകരണബാങ്കിന് നൽകുന്നു.

ചിറക്കടവ് പഞ്ചായത്തിലെ ഓഡിറ്റ് കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ ധാരാളം പേർ ഡയറക്റ്റ് റ്റു ഹോം സ്കീം (സഹകരണബാങ്കിൽ നിന്ന് നേരിട്ട് ലഭിക്കുന്നത്) പ്രകാരം പെൻഷൻ കൈപ്പറ്റുന്നവർ ആണ് എന്ന് ബോധ്യമാകുന്നു . എന്നാൽ പെൻഷണർ മരണപ്പെടുന്ന സംഗതികളിൽ സേവനയിൽ യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യുന്നില്ല . ഇക്കാരണത്താൽ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷൻ നൽകുന്നതിനുള്ള തുക സഹകരണ ബാങ്കിന് ലഭിച്ചുകൊണ്ടേയിരിക്കുന്നു. (സഹകരണബാങ്ക് തുക ആർക്കും നൽകുന്നില്ല). ഗുണഭോക്താക്കളുടെ മരണ വിവരം സഹകരണബാങ്ക് / പഞ്ചായത്തിന് യഥാസമയം ബോധ്യമായിട്ടും യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ദിവാകരൻ.റ്റി.വി | വാർദ്ധക്യകാല പെൻഷൻ | 105620202979 | 26/12/2020 | 12/2020 മുതൽ 06/2022 വരെയുള്ള പെൻഷൻ തുക സഹകരണ ബാങ്കിന് കൈമാറി |
| 2 | സതി രാധാകൃഷ്ണൻ | വാർദ്ധക്യകാല പെൻഷൻ | 105620202315 | 31/01/2021 | 01/2021 മുതൽ 06/2022 വരെയുള്ള പെൻഷൻ തുക സഹകരണ ബാങ്കിന് കൈമാറി |

മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനും സഹകരണ ബാങ്ക് , ഈ തുക തിരികെ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 05/തീയതി -13/12/22 ) വ്യക്തമായ മറുപടി നൽകിയില്ല . ഗുണഭോക്താക്കളുടെ മരണ വിവരം അറിയുമ്പോൾ തന്നെ പെൻഷൻ സസ്പെന്റ് ചെയ്യുവാൻ നടപടി സ്വീകരിക്കണമെന്ന കർശന നിർദ്ദേശം സഹകരണ ബാങ്കിന് നൽകേണ്ടതാണ് . കൂടാതെ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും വിതരണം ചെയ്യുവാൻ സഹകരണ ബാങ്കിന് ലഭിച്ച തുക സർക്കാരിലേക്ക് തിരിച്ചടച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

1-33 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

ചിറക്കടവ് ഗ്രാമ പഞ്ചായത്തിലെ 2021-22 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | തങ്കമ്മ | വാർദ്ധക്യകാല പെൻഷൻ | 105620200531 | 20/12/2020 | 01/2021 മുതൽ 06/22 വരെ | 28500 ( 1500*3 + 1600*15) |
| 2. | കമലമ്മ | വിധവ പെൻഷൻ | 105620600203 | 14/01/2021 | 02/2021 മുതൽ 4/22 വരെ | 23800 ( 1500*2 + 1600*13) |
| 3 | ഏലിക്കുട്ടി | വിധവ പെൻഷൻ | 105620601149 | 19/10/2021 | 11/2021 മുതൽ 9/22 വരെ | 17600 (1600 * 11) |

| | | | | | | |
|---|---|---|---|---|---|---|
| 4 | സുബൈദ | വാർദ്ധക്യകാല പെൻഷൻ | 105620200844 | 30/10/2021 | 11/2021 മുതൽ 9/22 വരെ | 17600 (1600 * 11) |

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയയ്ക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 05/22,തീയതി -13/12/22 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി . ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

## 1-34 ഘടകസ്ഥാപനങ്ങളിലെ ദൈനംദിന ചെലവ് തുക നൽകൽ -പ്രോജക്ട് നടത്തിപ്പിൽ അപാകങ്ങൾ

പ്രോജക്ട് നം. SO301/22

വകയിരുത്തൽ

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)-357652

ചെലവഴിച്ച തുക -90368

ഘടകസ്ഥാപനങ്ങളിലെ ദൈനംദിന ചെലവ് തുക നൽകൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റി(റോഡിതരം)ൽ നിന്നും 90368/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| തുക | ബിൽ നമ്പർ | | ഉദ്ദേശം |
|---|---|---|---|
| 70223 | ബി. നം. 37/22 തീ. 27/03/22 | | പത്രപരസ്യം |
| 20145 | ബി. നം. 41/22 തീ. 30/03/22 | 11356 | മോട്ടോർ സ്ഥാപിക്കൽ |
| | ബി. നം. 44/22 തീ. 30/03/22 | 6589+2200 | മോട്ടോർ സ്ഥാപിക്കുന്നതിനുള്ള അനുബന്ധ ചിലവുകൾ |
| | | | |

70223/-രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നുമുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണിക്കുന്നതിന് പത്രപരസ്യം നൽകിയതിന് ദേശാഭിമാനി, മംഗളം ദിനപത്രങ്ങൾക്ക് നൽകിയ

തുകയാണ്. 20145/-രൂപ ഡി.വി.ജി.എൽ.പി.എസിൽ മോട്ടോർ സ്ഥാപിക്കുന്നതിനായിട്ടുമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളുടെ ടെണ്ടർ പരസ്യം നൽകുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 70223/-രൂപ ചെലവഴിച്ചത് പദ്ധതി രൂപീകരണം/മോണിറ്ററിംഗ് എന്ന പ്രോജക്ടിൽപ്പെടുത്തിയാണ് നടത്തേണ്ടിയിരുന്നത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/14.12.22) മറുപടിയായി ഘടക സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തോടൊപ്പം തന്നെ ഘടകസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണെന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് ഏറ്റെടുത്തത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഘടകസ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ എന്ന പ്രോജക്ടിൽപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പത്രപരസ്യം നൽകുന്നതിനായി ചെലവഴിച്ച തുക 70223/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 വാട്ടർചാർജ് -സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഓഡിറ്റ് വർഷം വെള്ളക്കര ഇനത്തിൽ 386648/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. 70 ടാപ്പുകൾക്ക് പ്രതിമാസം 32159/- രൂപ തനത് ഫണ്ടിൽ നിന്നും അടവാക്കിയത് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും റീക്കൂപ്പ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. നിലവിൽ ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.13/14.12.22) നൽകിയ മറുപടിയിൽ കോവിഡ് മഹാമാരി മൂലം രണ്ട് വർഷമായി വാട്ടർ അതോറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ സാധിച്ചിട്ടില്ലെന്നും ഗ്രാമ പഞ്ചായത്ത് കമ്മിറ്റി അജണ്ടയിലുൾപ്പെടുത്തി തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഉപയോഗക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി വെള്ളക്കരം അടയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-36(എ) ആശ്രയപദ്ധതിയ്ക്കായി കൈമാറിയ പണം ചെലവഴിയ്ക്കാതെ സി.ഡി.എസ് അക്കൗണ്ടിൽ നിലനിൽക്കുന്നു

പ്രോജക്ട് നം.SO 003/22

അടങ്കൽ

വികസനഫണ്ട് -200,000

ചെലവഴിച്ച തുക-200,000(ബിൽ നം.8/22 തീ 9.7.21)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ പദ്ധതി ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണത്തിനായിട്ട് വികസനഫണ്ട് വിഹിതം 200,000/-രൂപ ടി ബിൽ പ്രകാരം സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. തുക ഓഡിറ്റ് തീയതിയിലും നിശ്ചിത ലക്ഷ്യത്തിനായി വിനിയോഗിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണത്തിനായി തുക വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. പദ്ധതി പണം ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നതിനാൽ 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36(ബി) അഗതിരഹിതകേരളം പദ്ധതി

ചിറക്കടവ് ഗ്രാമപഞ്ചായത്ത് നടപ്പാക്കി വരുന്ന അഗതിരഹിതകേരളം പദ്ധതിയിൽ 149 അഗതി കുടുംബങ്ങൾ ഗുണഭോക്താക്കളായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിതകേരളം പദ്ധതിയുടെ അടങ്കൽ 42449789 രൂപയാണ്. അടങ്കലിൽ 39,96,281 രൂപയാണ് കുടുംബശ്രീ ചലഞ്ച് ഫണ്ട്. ചലഞ്ച് ഫണ്ട് ആദ്യഗഡു 1332094/- രൂപയിൽ മുൻ ആശ്രയ പദ്ധതികൾക്ക് അനുവദിച്ചതിൽ ബാക്കിയുള്ള

ചലഞ്ച് ഫണ്ട് തുക 783297/-രൂപ കുറച്ച് 548797/- രൂപ കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ചിരുന്നു. രണ്ടാംഗഡു തുക 1332094/രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല. നാളിതുവരെ ചലഞ്ച് ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഗ്രാമപഞ്ചായത്തിലെ അഗതി കുടുംബങ്ങളുടെ ഭക്ഷണവിതരണം മുടങ്ങിയിരിക്കുകയാണ്.

നിലവിൽ 31.3.22ൽ കാനറാ ബാങ്കിലുള്ള A/C No.43522010001288ൽ 1139878 രൂപയാണ് നീക്കിയിരുപ്പുള്ളത്. 9/22 മുതൽ ഭക്ഷണവിതരണം മുടങ്ങിയ അവസ്ഥയിലാണ്. അഗതിരഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണവിതരണം തുടർന്നും നടത്താൻ അടിയന്തിര നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-37 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

2021-22 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക/ ഫണ്ടിനം | ബിൽനം./തീയതി |
|---|---|---|---|
| 300/22, റോയൽ ബൈപ്പാസ് വട്ടക്കാവുങ്കൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 500,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | XVFC/2021-22/P/30 Dt 31.3.22 |
| 254/22, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്സ് കെ.എസ്.ഇ.ബിയ്ക്ക് തുക നൽകൽ | കെ.എസ്.ഇ.ബി | 125000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | XVFC/2021-22/P/2 Dt 31.3.22(98407) XVFC/2021-22/P/14 Dt 10.3.22 35499 + 12690 = 48189 (തനത് ഫണ്ട്) ചെക്ക് നം. 608950 Dt.10.3.22) |
| 297/22, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്സ് | കെ.എസ്.ഇ.ബി | 40718 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | XVFC/2021-22 /P/21dt 19.3.22 |
| | ആകെ | 713907 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 713907 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-38 കന്നുകുട്ടി പരിപാലന പദ്ധതി-തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നില്ല

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്റ്റ് നമ്പർ 50/21-22) 6 ലക്ഷം രൂപ വികസനഫണ്ട് അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതിക്ക് നല്കിയിട്ടുണ്ട്. 48 കന്നുകുട്ടികളെ എൻറോൾ ചെയ്യുന്നതിന്

പഞ്ചായത്ത് വിഹിതം 6250 രൂപയും സംസ്ഥാന സർക്കാർ വിഹിതം 6250 ആണ് നല്കിയിട്ടുള്ളത്. സംസ്ഥാന സർക്കാർ 1976 ൽ ആരംഭിച്ച് 2001-02 മുതൽ പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന പ്രോജക്ടിന്റെ ലക്ഷ്യം കന്നുകുട്ടിയുടെ ആദ്യപ്രസവം അല്ലെങ്കിൽ 28 മാസം ഏതാണോ ആദ്യം വരുന്നത് അതുവരെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ, വാക്സിനേഷൻ, മരുന്നുകൾ തുടങ്ങിയവ ഉറപ്പാക്കുകയും ക്ഷീരോല്പാദനം വർദ്ധിപ്പിക്കുകയുമാണ്.

വെറ്ററിനറി സർജൻ അറിയിച്ചതനുസരിച്ച് 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികളെ എൻറോൾ ചെയ്യുകയും ആയവ 28 മുതൽ 32 മാസത്തിനുള്ളിൽ പ്രസവിക്കുകയും ചെയ്യുന്നു. ഇതു പ്രകാരം ചുരുങ്ങിയത് 22 മാസമെങ്കിലും (28-6) സബ്സിഡി നിരക്കിൽ കാലീത്തീറ്റ വിതരണം ചെയ്യേണ്ടതുണ്ട്. കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതനുസരിച്ച് 12/21ൽ ആരംഭിച്ച പ്രോജക്ട് പ്രകാരം 11 മാസം 678 രൂപ സബ്സിഡി നിരക്കിലും 12-ാം മാസം 903 രൂപ സബ്സിഡി നിരക്കിലും കാലിത്തീറ്റ നല്കിയിട്ടുണ്ട് . ഇതേ നിരക്കിൽ പരമാവധി 5 മാസം കൂടി മാത്രമേ (ആകെ 17 മാസം) സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യാൻ കഴിയൂ. ഇൻഷ്വറൻസ് പരിരക്ഷ, വാക്സിനേഷൻ , മരുന്നുകൾ തുടങ്ങിയവക്ക് സബ്സിഡി നല്കാനും കഴിയുന്നില്ല. കൂടാതെ പദ്ധതി നിർവ്വഹണം ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി പരിശോധിച്ച് ക്ഷീരോല്പാദകസംഘങ്ങളിൽ നിന്നും അർഹരായവരാണ് കാലിത്തീറ്റ കൈപ്പറ്റുന്നത് എന്ന് ഉറപ്പുവരുത്തുന്നതായും കാണുന്നില്ല.

കന്നുകുട്ടി പരിപാലനപദ്ധതിക്ക് നിക്ഷേപിക്കുന്ന തുക വാർഷികകണക്കിൽ B-18 ഷെഡ്യൂളിൽ മറ്റ് ഏജൻസികൾക്ക് നല്കുന്ന മുൻകൂറുകളിൽ ഉൾപ്പെടുത്തി തുടർ നിരീക്ഷണം നടത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് യഥാർത്ഥ ചെലവായി ക്രമീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള അക്കൗണ്ടിംഗ് നടത്താതെ നിക്ഷേപിക്കുമ്പോൾ തന്നെ യഥാർത്ഥ ചെലവായി പരിഗണിക്കുന്നതിനാൽ തുടർ നിരീക്ഷണം സാധിക്കാതെ വരുന്നു. ചെലവുതുകയുടെ വിനിയോഗവിവരങ്ങളും പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള 6 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-39 തുക അടച്ച് ഒരു വർഷം ആയിട്ടും മരുന്ന് ലഭിച്ചില്ല

പ്രോജക്ട് നമ്പർ 86/22 പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 3 ലക്ഷം രൂപ (ബിൽ നം /തീ 6 /06-1-22) 06-01-2022 ൽ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ നല്കിയിട്ടുണ്ട് (UTR No 10062244237931). വകുപ്പുതല മരുന്നുകൾ ലഭ്യമാക്കാൻ കഴിയില്ല എന്ന 31-1-22 ൽ ജില്ലാ ഓഫീസർ നല്കിയ കത്ത് അടിസ്ഥാനമാക്കിയാണ് പർച്ചേസ് ഓർഡർ നല്കിയിട്ടുള്ളത്. ഓഡിറ്റ് തീയതി വരെ (12-12-22) മരുന്നുകൾ വിതരണം ചെയ്യുന്നതിന് HOMCO ക്ക് കഴിഞ്ഞിട്ടില്ല.

കേന്ദ്രീകൃത വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ ഇത്തരത്തിൽ ലഭിക്കുന്ന മരുന്ന് അപര്യാപ്തമാണെങ്കിൽ നിയന്ത്രണചുമതലയുള്ള തദ്ദേശ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നല്കി മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതുമാണ്. പർച്ചേസ് ഓർഡർ നല്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ലെങ്കിൽ കൂടിയും സ്ഥാപന പ്രവർത്തനത്തെ ബാധിച്ചിട്ടില്ല എന്നതിൽ നിന്നും ആശുപത്രിയിൽ തദ്ദേശ സ്ഥാപനം മരുന്നിന് ഫണ്ട് വകയിരുത്തിയത് ആവശ്യകത പരിഗണിച്ചല്ല എന്ന് കണക്കാക്കേണ്ടിയിരിക്കുന്നു.

സർക്കാർ ഉത്തരവ് (കൈ) 22/2018 തസ്വഭവ 14-2-2018 പ്രകാരം ഹോമിയോ മരുന്നുകൾ HOMCO യിൽ നിന്ന് വാങ്ങുന്നതിന് ക്ലിപ്ത നിയന്ത്രണം ഉള്ളതായി കാണുന്നില്ല. HOMCO യിൽ പണമടച്ചാൽ മരുന്ന് ലഭിക്കുന്നതിന് കാലതാമസം ഉണ്ടെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ച് മരുന്ന് വാങ്ങുന്നതിന്

മെഡിക്കൽ ഓഫീസർക്ക് അനുമതി ഉള്ളപ്പോൾ ആയതിന്റെ സാദ്ധ്യതയും ഉപയോഗിച്ചില്ല. മേൽ പറഞ്ഞ അപാകതകളിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അഭിപ്രായം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(1/12-12-2022) മറുപടിയായി 2-11-2022 ൽ ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് ലഭിച്ചതിനാൽ സ്ഥാപന പ്രവർത്തനത്തിന് തടസ്സം ഉണ്ടായില്ല എന്ന് അറിയിച്ചു. തുക അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നിന് ദൗർലഭ്യം ഉണ്ടായില്ല എന്നതിൽ നിന്നും പഞ്ചായത്ത് ഫണ്ട് വകയിരുത്തിയത് അടിയന്തിര സാഹചര്യത്തിലല്ല എന്ന് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലഭ്യതാവിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 പാലിയേറ്റീവ് കെയർ - നല്കിയ തുകക്കുള്ള സാധനങ്ങൾ ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (സി എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ എന്ന 308-ാം നമ്പർ പ്രോജക്ട് പ്രകാരം പാലിയേറ്റീവ് കെയറിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി 2 ലക്ഷം രൂപ (ബിൽ നം. 11/03.03.22) വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. 30-3-22 ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നല്കിയ പ്രഫോർമ ഇൻവോയ്സ് പ്രകാരം അടച്ച 2 ലക്ഷം രൂപയിൽ 11310.84 രൂപക്കുള്ള സാധനങ്ങൾ ഇനിയും ലഭ്യമായിട്ടില്ല.

| ക്ര നം | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | Wheel Chair | 1 | 4742.48 |
| 2 | Walker | 5 | 4864.76 |
| 3 | Stethoscope | 2 | 690.00 |
| 4 | Metrogyl | 50 | 1013.60 |
| | ആകെ | | 11310.84 |

പാലിയേറ്റീവ് കെയർ പോലെ അടിയന്തിര പ്രാധാന്യമുള്ള വാങ്ങലുകൾക്ക് തുക അടവാക്കിയ ശേഷവും മാസങ്ങളോളം സാധനം ലഭിക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/13-12-2022)മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ ലഭിക്കാനുള്ള സാധനങ്ങളുടെ വിലയായ 11310.84 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാധനങ്ങൾ ലഭിച്ചതിന് ശേഷം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 അങ്കണവാടികൾക്ക് ഉപകരണം വാങ്ങൽ - ഉപകരണം നല്കിയ സ്ഥാപനത്തിന് തുക ലഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 303/22 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്ക് ഉപകരണം വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| അടങ്കൽ - മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 130998 |
| ചെലവ് | 130998 |
| ബിൽ നം. | 13/27.3.22 |

അങ്കണവാടികൾക്ക് ഉപകരണം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മേശ, കിച്ചൺ സ്റ്റാന്റ് ,ബുക്ക് റാക്ക്

എന്നിവ 130998 രൂപ ചെലവഴിച്ച് ARTCO യിൽ നിന്നും വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ബിൽ തയ്യാറാക്കിയ വേളയിൽ ARTCO യുടെ അക്കൗണ്ട് നം. തെറ്റായി നല്കിയതിനാൽ ടി തുക ARTCOയ്ക്ക് ലഭിക്കാതെ ട്രഷറി അക്കൗണ്ടിൽ കിടക്കുകയും ഒരു മാസത്തിനു ശേഷം തിരികെ സർക്കാരിലേക്ക് മടങ്ങുകയും ചെയ്തു . നിലവിൽ ഉപകരണം നല്കിയ സ്ഥാപനത്തിന് തുക നല്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. സുലേഖയിൽ ടി തുക ചെലവായതായി കാണുന്നതിനാൽ സ്പിൽ ഓവർ പ്രോജക്ടായി വയ്ക്കാൻ കഴിയുന്നതുമില്ല എന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചു. ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പുതിയ അലോട്ട്മെന്റ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-42 ഫർണിച്ചർ വാങ്ങൽ സർക്കാർ മാർഗ്ഗനിർഗദ്ദേശങ്ങൾക്കനുസൃതമാകണം

അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 21-22 വർഷം പ്രോജക്ട് നം. 81/22, 303/22 എന്നിവ പ്രകാരം ARTCO യിൽ നിന്നും ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വാങ്ങലുകളിൽ അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ കൂടാതെയുള്ള ഫർണിച്ചർ വാങ്ങൽ സംബന്ധമായ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ കൂടാതെ ഫർണിച്ചർ വാങ്ങുമ്പോൾ പ്രസ്തുത ഏജൻസികൾക്കായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതും തൽസമയം ബാധകവുമായ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഇനങ്ങളിലും അളവുകളിലുമുള്ള ഫർണിച്ചർ ഉത്തരവിൽ നിശ്ചയിച്ചിരിയ്ക്കുന്ന വിലയ്ക്ക് വാങ്ങാമെന്നും ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് നിയമപ്രകാരമുള്ള വാങ്ങൽ രീതികൾ പാലിക്കണമെന്നും G. 0. (Rt.) No. 7/2020/SPD.dt. 5.02.2020 നം ഉത്തരവ് പ്രകാരം വ്യക്തമാക്കുന്നുണ്ട് . എന്നാൽ ARTCO യിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാവുന്നവയായി സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങളാണ് ARTCO യിൽ നിന്നും വാങ്ങിയിട്ടുള്ളത്. തുടർ വർഷങ്ങളിലെ വാങ്ങലുകൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമാക്കേണ്ടതാണ്.

## 1-43 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് സൂക്ഷിപ്പ് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ യിൽ ഉള്ള 37128129494 നമ്പർ കറന്റ് അക്കൗണ്ടിൽ 07-12-2022 ൽ 12650/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ഈ തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ തുകകൾ, ഈ അക്കൗണ്ടിലേക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് വഴി തുകകൾ വിതരണം ചെയ്യുകയുമാണ് ചെയ്തു വരുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ കാഷ്ബുക്ക്/ബാങ്ക്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ വരവ് ചെലവ് വിവരം പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് കഴിയുന്നില്ല. ഡയറക്ട് ബനഫിഷറി ട്രാൻസ്ഫർ നിലവിൽ വന്ന ശേഷവും സുതാര്യമല്ലാത്ത ഇത്തരം സാമ്പത്തിക ഇടപാടുകൾ നിലനിൽക്കുന്നത് അഭികാമ്യമല്ല. പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടാത്ത അക്കൗണ്ടിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതും ചെലവഴിക്കുന്നതും നിയമാനുസൃതമല്ല. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷൻ പ്രകാരം സെക്രട്ടറി നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കുന്നത് പരിഗണിക്കേണ്ടതാണ്.

## 1-44 ബാരൽ വില ബന്ധപ്പെട്ട സർക്കാർ ഫണ്ടിലേക്ക് തിരിച്ചടക്കുന്നില്ല

സർക്കുലർ നമ്പർ 59827/എഫ് എം/07 തസ്വഭവ തീ 30-10-2007 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി ഓ (പി)177/06 ഫിൻ തീ.12-4-2006 ഉത്തരവ് ഖ. 3-10 പാലിച്ച് തിരിച്ചടക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 ൽ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും

ഈടാക്കിയ ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ടെങ്കിലും ആയത് ബാധ്യത കണക്കിൽ ചേർത്ത് സർക്കുലർ പ്രകാരം തിരിച്ചടച്ചിട്ടില്ല. ഓഡിറ്റ് വർഷം ഇത്തരത്തിൽ ലഭിച്ചിട്ടുള്ള തുക കണക്കാക്കി ബാരൽ വിലയും, ജി എസ് റ്റിയും ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതാണ്.

1-45 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പൊതുഅപാകതകൾ

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. സെമി സ്കിൽഡ് തൊഴിലാളിയുടെ ഒരു ദിവസത്തെ ശരാശരി വേതനം തൊഴിലുറപ്പുപദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് പ്രകാരം 875 / രൂപ ആയിരിക്കെ ഒരു ദിവസത്തെ വേതനമായി 1350 രൂപ പല പ്രവൃത്തികളിലും തൊഴിലാളികൾക്ക് നൽകിയതായി കാണുന്നു

2. കാലിതൊഴുത്ത് ,ആട്ടിൻ കൂട് ,കോഴിക്കൂട് ,കിണർ നിർമാണം തുടങ്ങിയ അവിദഗ്ധ _ വിദഗ്ധ തൊഴിൽ ആവശ്യമുള്ള പദ്ധതികളിൽ ഒരേ തൊഴിലാളികൾക്ക് തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി വേതനം അനുവദിക്കുന്നു.

3.മിക്ക നിർമ്മാണ പ്രവൃത്തികളിലും 40mm, 20mm,10mm മെറ്റൽ, സിമന്റ് തുടങ്ങിയവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ സാമഗ്രികളുടെ ബില്ലുകൾ /ഇൻവോയ്സുകൾ ഫയലുകളിൽ ഇല്ല. സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെയും സാധനങ്ങൾ കൈപ്പറ്റുന്ന മേറ്റുമാരുടെ കൈപ്പറ്റ് രശീതുകളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ സാധനസാമഗ്രികൾ കൃത്യമായ അളവിൽ സംഭരിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്താൻ സാധിക്കുന്നില്ല

4.ലൈഫ് ഭവനം , റോഡ് നിർമ്മാണം ,കിണർ , തൊഴുത്ത് നിർമ്മാണം ,ആട്ടിൻകൂട് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ പരിമിതമാണ്.

5.സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ , പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

6.പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ , പ്രോജക്ട് യോഗങ്ങൾ നടത്തിയത് ബോധ്യപ്പെടുത്തുന്നതിനും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും , പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.

7. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012 –ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

8.റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ-എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

9.തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണം- ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്യുന്നില്ല.

10. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം ) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

11.നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥർ/ ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല

12. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

ഉദ്യോഗസ്ഥതല/ഭരണതല വീഴ്ചകൾ

1. ഗ്രാമസഭകൾ കൂടി അതിന്റെ പരിധിയിൽ വരുന്ന എല്ലാ പദ്ധതികളുടേയും മേൽനോട്ടം ,സാമൂഹിക പരിശോധന ,സോഷ്യൽ ഓഡിറ്റ് എന്നിവ നിർവ്വഹിക്കുന്നില്ല.

2. വാർഡ് തലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മറ്റി പ്രവർത്തിക്കുന്നില്ല.

3. എസ്റ്റിമേറ്റിന്റെ വിവരം, ആവശ്യമായ തൊഴിൽ ദിനങ്ങൾ, പണിചെയ്യുന്നവരുടെ എണ്ണം എന്നിവ

തൊഴിലാളിയുടെ പൊതു ജനത്തിന്റെ അറിവിലേയ്ക്കായി എഴുതി പ്രദർശിപ്പിക്കുന്നില്ല.

4. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോഡിനേറ്റർ എന്നിവരുടെ ചുമതലയിൽ പെടുന്ന, പ്രവൃത്തികളുടെ പ്രാദേശിക പരിശോധനകൾ പരിമിതമാണ്.

5. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഉത്തരവിന്റെ (ജി.ഒ.എം. എസ് 305/2010 തീ. 21.2.2010 അടിസ്ഥാനത്തിൽ രൂപീകരിച്ച സോഷ്യൽ ഓഡിറ്റ് സെൽ 2021-22 വർഷത്തിൽ പ്രവർത്തിച്ചില്ല.

അപാകങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള തുടർനടപടികൾക്കായി മേൽ നിരീക്ഷണങ്ങളിലേക്ക് ഭരണ സമിതിയുടെയും, വികസന സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-46 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു

പ്രവൃത്തിയുടെ പേര് - കല്ലുപ്പറപ്പള്ളി മുടക്കയം റോഡ് കോൺക്രീറ്റിംഗ്

വർക്ക് കോഡ്- RC/342513, ആകെ പ്രവൃത്തി മൂല്യം-493355/-

2021-22 ൽ നടപ്പിലാക്കിയ കല്ലുപ്പറപ്പള്ളി മുട്ടക്കയം റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 104/21-22 പ്രകാരം 145 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 0.15മീറ്റർ കനത്തിൽ 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 65.25 $M^3$ ചെയ്തിട്ടുണ്ട്. അളവ് പുസ്തകം പേജ് 1 പ്രകാരം 33.925 $M^3$, 40mmമെറ്റൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. എന്നാൽ വോയിഡ്സ് കുറവ് ചെയ്തിട്ടില്ല . ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്താൽ 31.385 $M^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. മാത്രമല്ല 33.925 $M^3$ മെറ്റലിന്റെ തുകയാണ് കരാറുകാരന് നൽകിയത് . കൂടുതൽ തുക കരാറുകാരന് നൽകി എന്ന് മാത്രമല്ല റോഡ് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ അളവ് മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല എന്നും വ്യക്തമാകുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | ശ്രീ. റെജികുമാർ |
| അളവു പുസ്തകം | Mbook- 104/21-22 |
| സപ്ലൈ ചെയ്ത അളവ് (40 Mm സ്റ്റോൺ ) | 33.925 M3 |
| അനുവദിച്ച തുക@ 2310 /$M^3$ | 33.925 M3 @ 2310 =78367 |
| യഥാർത്ഥത്തിൽ വരുന്ന അളവ് ( 7.5% വോയിഡ്സ് കുറവ് ചെയ്താൽ) | 33.925 – 2.54 =31.385 $M^3$ |
| അധികം നൽകിയ അളവ് | 33.925 – 31.385 = 2.54 $M^3$ |
| അധികം നൽകിയ തുക | 2.54 $M^3$ @2310 = 5867 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/14.12.21) തുടർന്നുള്ള പ്രവൃത്തികളിൽ അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ആവശ്യമായ അളവിൽ മെറ്റീരിയൽ ഉപയോഗിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-47 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block പാകുന്നതിനായി അധിക നിരക്ക് നൽകുന്നു .

CPWD സ്പെസിഫിക്കേഷൻ 16.91.2 പ്രകാരം 80mm Thick Cc Paver Block പാകുന്നതിനായി 1 M2 ന് 638.95 ഉം കോസ്റ്റ് ഇൻഡക്സ് 48.71% ഉൾപ്പെടെ 950.18/m2 ആണ് അനുവദിക്കാവുന്ന നിരക്ക്. അസ്സി.എൻജിനീയർ, എൽ.എസ്സ്.ജി.ഡി നിർവ്വഹണ ഉദ്യോഗസ്ഥനായി ഈ പ്രോജക്ട് നടപ്പാക്കിയിരുന്നു എങ്കിൽ 1 M2 ന് 950.18 ചെലവഴിച്ചാൽ മതിയായിരുന്നു . എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തിയ്ക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 M2 ന് 1022.445 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം ബുക്ക് നമ്പർ | *80mm Thick Cc Paver Block പാകിയ ഏരിയ* | *1022.445 /M2 നിരക്കിൽ അനുവദിച്ച തുക* | *950.18 /M3 നിരക്കിൽ അനുവദിക്കാവുന്ന തുക* | അധികം |
|---|---|---|---|---|---|
| കല്ലൂർ പോത്തനാട്ട് ടൈൽ റോഡ് നിർമ്മാണം | 102/21-22 | 118.80 M2 | 121466 | 112881 | 8585 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/14.12.22) ലഭ്യമാക്കിയ മറുപടിയിൽ സെക്യൂർ എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചത്. മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും സെക്യൂർ സോഫ്റ്റ് വെയർ പ്രകാരം ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത്. SECURE Software ൽ നിന്നും ലഭ്യമാകുന്ന ഡേറ്റയിൽ ഇന്റർലോക്കിംഗ് ടൈലിന്റെ വില കൂടുതൽ ആണെന്നും ആയത് അധികച്ചെലവിനിടയാക്കുന്നെന്നും ഉള്ള വിവരം NREGS മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സെക്രട്ടറിയുടേയും പഞ്ചായത്ത് കമ്മിറ്റിയുടേയും ശ്രദ്ധക്ഷണിക്കുന്നു.

1-48 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമുള്ള കാലയളവിനും കൂലി അനുവദിച്ചത് ക്രമപ്രകാരമല്ല

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമുള്ള തീയതികളിലെ ലേബേഴ്സിന്റെ മസ്റ്റർ റോളുകൾ പ്രകാരം കൂലി നൽകിയിട്ടുണ്ട്.വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | മസ്റ്റർ റോൾ നമ്പർ | മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുള്ള കാലയളവ് | പ്രവൃത്തി പൂർത്തിയാക്കിയ തീയതിയ്ക്ക് ശേഷം നൽകിയ തുക |
|---|---|---|---|---|
| കല്ലുപ്പറപ്പള്ളി മുടക്കയം റോഡ് കോൺക്രീറ്റിംഗ് | 27/03/22 ( എം ബുക്ക് പേജ് നം - 7, Mbook-104/21-22 | 5587 | 24/08/22 മുതൽ 30/08/22 വരെ | 40500 |

സാങ്കേതിക കാരണങ്ങളാലാണ് പ്രവൃത്തി പൂർത്തിയാക്കിയ തീയതിയ്ക്ക് ശേഷമുള്ള ദിവസങ്ങൾ മസ്റ്റർ

റോളിൽ രേഖപ്പെടുത്തിയത് എന്നാണ് 14.12.2022 -ലെ ഓഡിറ്റ് എൻക്വയറി നം. 16 /2022 -ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-49 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം, | കരാറുകാരന്റെ പേര് | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട GST (2%) | ഈടാക്കേണ്ട ആദായനികുതി (1%) |
|---|---|---|---|---|---|
| 1 | കല്ലുപ്പറപ്പള്ളി മുടക്കയം റോഡ് കോൺക്രീറ്റിംഗ് | റജികുമാർ | 404989 | 8099 | 4049 |
| 2 | പുറഞ്ചേരിപ്പടി എടപ്പള്ളിത്താഴെ കവല റോഡ് കോൺക്രീറ്റിംഗ് | റജികുമാർ | 415496 | 8309 | 4154 |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/14.12.2022) മറുപടിയായി തുക കരാറുകാരനിൽ നിന്ന് ഈടാക്കി അടവാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക കരാറുകാരനിൽ നിന്ന് ഈടാക്കി തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-50 മാലിന്യനിർമ്മാർജ്ജനം - ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ടൗൺ, കൈകെറോഡ്, ബസ് സ്റ്റാൻഡ്, എന്നിവിടങ്ങളിലെ മാലിന്യം ശേഖരിച്ച് നീക്കം ചെയ്യുന്നതിനായി KL34A2473എന്ന വാഹനത്തിന് പ്രതിമാസം 8500/- രൂപ നിരക്കിൽ വാടക നൽകുന്നുണ്ട്. പ്രസ്തുത വാഹനത്തിന്റെ ടിപ്ഷീറ്റ് പ്രകാരം പ്രതിമാസം 62ടൺ മാലിന്യവുമായി കുവപ്പള്ളി ഭാഗത്തേയ്ക്ക് പോയതായി രേഖപ്പെടുത്തി കാണുന്നു. ഗ്രാമപഞ്ചായത്തിലെ പ്രസ്തുത മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എന്ത് സംവിധാനമാണ് ഗ്രാമപഞ്ചായത്ത് ഒരുക്കിയിരിക്കുന്നത് എന്നത്

വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം26)മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത മാലിന്യം കുവപ്പള്ളി ഭാഗത്തുള്ള റബർ തോട്ടത്തിൽ കുഴിച്ചുമൂടുകയാണ് നിലവിൽ ചെയ്ത് വരുന്നത് എന്ന് തോട്ടമുടമകളുടെ സമ്മതപത്രം വാങ്ങിയിട്ടുണ്ടെന്നും പ്രസിഡന്റ് എക്സിറ്റ് യോഗത്തിൽ അറിയിച്ചു. ഇത് വളരെ അശാസ്ത്രീയമായ നടപടിയാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 219 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണ്. എന്നാൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങളില്ല

ഗ്രാമപഞ്ചായത്തിൽ 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ എന്നിവയനുസരിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുന്നില്ലായെന്നത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അലംഭാവമാണ് കാണിക്കുന്നത്. നിലവിൽ മാലിന്യസംസ്കരണം യഥാവിധിയല്ല നടന്നുവരുന്നത് എന്ന് വ്യക്തമാകുന്നു. മാലിന്യസംസ്കരണത്തിൽ വീഴ്ചകളുണ്ടാവുന്ന പക്ഷം ദേശീയ/സംസ്ഥാന ഹരിത ട്രൈബ്യൂണലിൽ നിന്നും ശിക്ഷാനടപടികൾ ഉണ്ടാകാനുള്ള സാദ്ധ്യതകളും നിലനിൽക്കുന്നു. പ്രസ്തുത വിഷയത്തിൽ ദീർഘണവീക്ഷണത്തോടെയുള്ള പരിഹാരനടപടികൾ ഉണ്ടാകേണ്ടതിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-51 ദുരിതാശ്വാസ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ ചട്ടം 3പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയ്ക്കായി പൊൻകുന്നം സർവീസ് സഹകരണ ബാങ്കിൽ (A/c No.02410100014046)അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും കോവിഡിനോടനുബന്ധിച്ച് 40650/- രൂപ തൻവർഷം ലഭിച്ചിട്ടുണ്ടെങ്കിലും ആയതിൽ നിന്നും 17650/-രൂപ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായിട്ട് വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസനിധി സമാഹരിച്ച് അർഹതപ്പെട്ടവർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ ധനസഹായം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.ദുരിതാശ്വാസനിധിയുടെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | 12795 |
| വരവ് | 40650 |
| പലിശവരവ് | 1167 |
| ആകെ | 54612 |
| ചെലവ് | 17650 |
| നീക്കിയിരുപ്പ് | 36962 |

### 1-52 ഓഡിറ്റ് ഇംപാക്ട്

2012 ലെ പൊതുമരാമത്ത് മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം നിശ്ചിത മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ 1% പിഴ ഈടാക്കി തുടർന്ന് 10 ദിവസം കൂടി കരാർ വയ്ക്കുന്നതിന് അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ സമയക്രമം പാലിക്കാതെയും പിഴ ഈടാക്കാതെയും പ്രവൃത്തികളിൽ കരാർ ചമക്കുന്നത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 4/12-12-2022) രസീത് നമ്പർ 1220105871, 72, 73 തീ 16-12-22 പ്രകാരം 9053/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് ഹാജരാക്കി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 താത്ക്കാലിക ഡ്രൈവർക്ക് അധിക വേതനം നൽകി

ഗ്രാമപഞ്ചായത്തിൽ കോവിഡ് കാലയളവിൽ ദിവസവേതനത്തിൽ നിയമിച്ച താത്ക്കാലിക ഡ്രൈവർക്ക് അധികവേതനം അനുവദിച്ചതായി കാണുന്നു. ജിഒ(പി)നം 29/2021/ധന/11-2-21 പ്രകാരം കാറ്റഗറി 2ൽ വരുന്ന ഡ്രൈവർക്ക് അനുവദിക്കാവുന്ന ദിവസവേതനം 730/-രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിദിനം 755/- രൂപ നിരക്കിൽ വേതനം അനുവദിച്ചത് വഴി അധികം തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | ദിവസം | നൽകാവുന്ന തുക @730 | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|
| 22100202/28-5-21 | 13 | 9490 | 9815 | 325 |
| 22100211/2-6-21 | 20 | 14600 | 15100 | 500 |
| 22100386/6-7-21 | 30 | 21900 | 22500 | 600 |
| 22100495/4-8-21 | 31 | 22630 | 23405 | 775 |
| 22100653/8-9-21 | 31 | 22630 | 23405 | 775 |
| 22100780/7-10-21 | 24 | 17520 | 18120 | 600 |
| 22100779/7-10-21 | 27 | 19710 | 20385 | 675 |
| 22100922/2-11-21 | 16 | 11680 | 12080 | 400 |
| 22100941/11-11-21 | 17 | 12410 | 12835 | 425 |
| 22101060/9-12-21 | 13 | 9490 | 9815 | 325 |
| 22101157/5-1-22 | 14 | 10220 | 10570 | 350 |
| 22101263/3-2-22 | 16 | 11680 | 12080 | 400 |
| 22101356/3-3-22 | 26 | 18980 | 19630 | 650 |
| | | | | 6800 |

ദിവസവേതനമിനത്തിൽ അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 26/16.12.2022)മറുപടിയായി അധികമായി നൽകിയ തുക തിരികെ ഈടാക്കിക്കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ തുക ടി കാലയളവിലെ സെക്രട്ടറിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 വാഹന വാടക നൽകിയതിൽ ഇരട്ടിപ്പ് - അധികതുക നൽകി

വൗച്ചർ നമ്പർ 22100757/5- 10-21 പ്രകാരം ഗ്രാമപഞ്ചായത്ത് വാടകയ്ക്കെടുത്ത കെഎൽ 05-N4 മാരുതി ഓമ്നി എന്ന വാഹനത്തിൻറെ 26- 6 -21 മുതൽ 31-8-21 വരെയുള്ള വാഹന വാടക 300 രൂപ നിരക്കിൽ 36 ദിവസത്തേയ്ക്ക് 10800/- രൂപ നൽകിയതായി കാണുന്നു. എന്നാൽ വൗച്ചർ നമ്പർ 22100936 /10-11-2021 പ്രകാരം പ്രസ്തുത വാഹനത്തിന്റെ 1-8-21 മുതൽ 31-08-21 വരെയുള്ള 31 ദിവസത്തെയ്ക്ക് 300 രൂപ നിരക്കിൽ വാടക 9300/-രൂപ വീണ്ടും നൽകിയതായി കാണുന്നു അപാകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം27) മറുപടിയായി അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വൗച്ചർ നമ്പർ 22100936 *10-11-2021 പ്രകാരം*

*അധികമായി നൽകിയ 9300*-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 30/07/2022-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 23/08/2022 ലെ A-4653/2022 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 12/12/2022 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2021-22 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | 2021-22 | 50000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (4/22) | 50000 | 0 |
| | | 100000 | ലൈഫ് മിഷൻ- ലൈഫ് ഭവന പദ്ധതി(റ്റി.എസ്.പി) (116/22) | 100000 | 0 |
| | | 370000 | ലൈഫ് പദ്ധതി വീടിന് സ്ഥലം വാങ്ങൽ- ഭവന നിർമ്മാണം (114/22) | 370000 | 0 |
| | | 284000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം എസ്.സി- സ്ഥലം വാങ്ങൽ- ഭവന നിർമ്മാണം (115/22) | 284000 | 0 |
| | | 310000 | ലൈഫ് ഭവന പദ്ധതി എസ്.സി- ഭവന നിർമ്മാണം (70/22) | 310000 | 0 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് (18/22) | | |
| | | 85000 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം (16/22) | 85000 | 0 |
| ആകെ | | 1299000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1299000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (4/22) | 200000 | 0 |
| | | 810000 | ലൈഫ് പദ്ധതി വീടിന് സ്ഥലം വാങ്ങൽ- ഭവന നിർമ്മാണം (114/22) | 810000 | 0 |
| | | 350000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം എസ്.സി- സ്ഥലം വാങ്ങൽ- ഭവന നിർമ്മാണം (115/22) | 350000 | 0 |
| ആകെ | | 1360000 | ജില്ലാ പഞ്ചായത്ത് വിഹിതം | 1360000 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ 3 പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ്( 297/22) | 40718 | 0 | 40718 |
| | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ്- കെ.എസ്.ഇ.ബി യ്ക്ക് തുക നൽകൽ(254/22) | 173189 | 0 | 173189 |
| വാട്ടർ അതോറിറ്റി | വട്ടകാവുങ്കൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 | 0 | 500000 |

| | | | | |
|---|---|---|---|---|
| | (300/22) | | | |

പ്രസ്തുത തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല .

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 7680562+ 2080000+ 1900000= 11660562 | 0 | 9665333 | 2009332 | -- | 7656001 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 1,73,53,883.23 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ വരവ്) | 9,74,330 |
| ആകെ | 1,83,28,213.23 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,83,28,213.23 |

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി | പലിശ % |
|---|---|---|---|
| കാനറ ബാങ്ക് അക്കൗണ്ട് നം.2684401001436/1 | 1,83,28,213.23 | 1 വർഷം 15.07.2021 മുതൽ 15.07.2022 വരെ | 5.3 % |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| നമ്പർ | | | |
|---|---|---|---|
| 2014-15/ 2-3-1, 2-3-2, 2-3-3 | 2016-17 | വസ്തു നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല |
| 2014-15/2-2-3, 2-2-6 | 2016-17 | തൊഴിൽ നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല |
| 2015-16/2-3-1, 2-3-2 | 2016-17 | തൊഴിൽ നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | : | 154974866 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 118719924 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16100 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1895441 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 6800 | ശ്രീ. ഹരികുമാർ എസ്, സെക്രട്ടറി |
| 3-2 | -- | 9300 | ശ്രീ. ഹരികുമാർ എസ്, സെക്രട്ടറി |
| ആകെ | -- | 16100 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 70223 | ശ്രീ. ഹരികുമാർ എസ്.,സെക്രട്ടറി |
| 1-36 | 200000 | ശ്രീ. ജോസഫ് അലോഷ്യസ്, സെക്രട്ടറി |
| 1-37 | 713907 | ശ്രീ. ഹരികുമാർ എസ്.,സെക്രട്ടറി |
| 1-38 | 600000 | ഡോ. അരുൺ റ്റി.എസ്, വെറ്ററിനറി സർജൻ |
| 1-39 | 300000 | ഡോ. സാജൻ ചെറിയാൻ മെഡിക്കൽ ഓഫീസർ (ഹോമിയോ) |

| | | |
|---|---|---|
| 1-40 | 11311 | ഡോ. അനീഷ് സി. വർക്കി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| ആകെ | 1895441 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഹരികുമാർ എസ്, സെക്രട്ടറി | സെക്രട്ടറി, വണ്ടൻമേട് പഞ്ചായത്ത്, ഇടുക്കി | TC/334(1) ഡാഫോഡിൽസ്, ഉള്ളൂർ മെഡിക്കൽ കോളേജ് പി.ഒ തിരുവനന്തപുരം 695011 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90& 1990-91 | എൽ.എഫ്.കെ.പി3-1245/94 /3.5.94/12.7.94 | 10 |
| 1991-92& 1992-93 | എൽ.എഫ്.കെ.പി5-712/96/15.4.97 /5.7.97 | 40 |
| 1993-94 | എൽ.എഫ്.കെ.പി3 - 514/97 /27.2.98/8.3.99 | 31 |
| 1994-95 | എൽ.എഫ്.കെ.പി3 - 449/99 /21.6.99/9.8.99 | 29 |
| 1996-97 | എൽ.എഫ്.കെ.പി4 -930/2000 | 5 |

| | | |
|---|---|---|
| | /15.11.00/4.12.00 | |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/230(1)/22- 26.08.22 | 4 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(2)/18/ 27.02.18 | 40 |
| 2001-02 | എൽ.എഫ്.കെ.പി4 - 648/04 /14.2.05/1.8.05 | 27 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4 - 673/05 /16.12.05/6.2.06 | 10 |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11 - 681/06 /23.12.06/16.1.07 | 17 |
| 1998-99 | എൽ.എഫ്.കെ.പി11 - 1064/07 /25.2.08/4.4.08 | 2 |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി5 - 1065/07 /26.5.08/30.7.08 | 4 |
| 2003-04 | എൽ.എഫ്.കെ.പി5 - 1066/07 /26.5.08/30.7.08 | 9 |
| 2004-05 | എൽ.എഫ്.കെ.പി5 - 1084/07 /26.5.08/30.7.08 | 29 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/230(3)/22 - 26.08.22 | 2 |
| 2009-10 | എൽ.എഫ്.കെ.പി5 - 694/11 /4.12.12 | 24 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5/ 924/22 | 6 |
| 2011-12 | എൽ.എഫ്.കെ.പി5 - 497/13 /12.7.14 | 26 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി5/924 /22/20.07.22 | 10 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/1124/22 - 26.08.22 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(1)/22 - 26.08.22 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(2)/22 - 26.08.22 | 8 |
| 2016-17 | കെ.എസ്.എ- | 8 |

| | | |
|---|---|---|
| | കെ.ടി.എം.പി5/അദാ-22/229(3)/22 - 26.08.22 | |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/1410/22 - 26.08.22 | 21 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/1229(4)/22 -23.01.21 | 18 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/1124(1)/22 -17.08.22 | 9 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5/1124(2)/22 -17.08.22 | 27 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്